
കഥാചന്ദ്രിക.

പുസ്തകം ൯.. ഫൻവവ ഫെബ്രുവരി.. ലക്കം ൯൨.



"Jesus taught them many things in parables." (Mark 4-2.)

"ഉപമകളായിട്ടു പലതും അവൻ അവരെ പഠിപ്പിച്ചു." (മർക്കൊ. ൪-൨.)

പത്രാധിപർ: ഫാദർ ജേക്കബ് നടുവത്തുശേരിൽ

വിഷയവിവരം.

1. മംഗളം.
2. നല്ല ഇടയൻ.
3. പ്രസാധകക്കുറിപ്പുകൾ.
4. സ്ത്രീപ്പാഠ ഗീതങ്ങൾ.
5. കാണുന്നേ കാണുന്നേ.
6. ക്രിസ്തുമാർഗ്ഗപ്രദീപം (പ്രഹസനം.)
7. ഒരു ആപൽമോചനം.
8. സമ്മാനാർഹന്മാർ.
9. വ്യാകുലമാതാഗീതം.
10. ഒരു അൽഭുതാരാധ്യശ്രേഷ്ഠബാലൻ.
11. ചെറുപുഷ്പ നൊവേന.
12. മത്സ്യപിടുത്തക്കാരുടെ മദ്ധ്യസ്ഥൻ.
13. ചെറുപുഷ്പരംഗം.
14. പുതിയ കണ്ടിനാളന്മാർ.
15. കൃതജ്ഞതാപ്രകാശനം.

"റാസഞ്ചൻ" എന്ന ദിവ്യൗഷധം.

അകമേയും പുറമേയുമുള്ള എല്ലാത്തരം വേദനകളും, ക്ഷയം, ക്ഷീണം ആസ്മാ, പൂണ്ണ എന്നിവകളും, വിവിധതര മുറിവുകളും, വ്രണങ്ങളും, ക്ഷതവുകളും സുഖപ്പെടുത്തുന്ന ഒരു സിദ്ധൗഷധം.

വാതവും, ഞരമ്പുകളും മാംസപേശികളും സംബന്ധിച്ച രോഗങ്ങളും കൊണ്ടു കഷ്ടപ്പെടുന്നവർക്കു 'റാസഞ്ചൻ' സാക്ഷാൽ ഒരു അനുഗ്രഹം തന്നെയാണ്. വില ഡപ്പി ഒന്നുക്കു ഉ ക. സാമ്പിൾ ഡപ്പിക്കു ൯ ണ മാത്രം. തപാൽ കൂലി മുതലായതു പുറമെ. ഉപയോഗിക്കേണ്ട ക്രമം ഡപ്പിയേലുണ്ടായിരിക്കും.

ഏജണ്ടന്മാരെ ആവശ്യമുണ്ട്. അപേക്ഷിക്കേണ്ടതു മേൽവിലാസം.

ഐ. ജി. ഫ്രാൻസിസ്, കൊച്ചി. OR

സേക്രഡ് ഹാർട്ട്സ ഡിസ്പെൻസറി, എറണാകുളം.

പുതിയഡിസ്പെൻസറി. മിതമായവില.

കുമ്പാനക്കുപ്പായം, കാപ്പ മുതലായ തിരുവസ്ത്രങ്ങൾ, കൊന്ത, കാൽരൂപം, ചെറുതും വലുതുമായ കടലാസുരൂപങ്ങളും കൊത്തുരൂപങ്ങളും, ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലുമുള്ള പ്രാർത്ഥനപുസ്തകങ്ങളും, മറ്റു മതഗ്രന്ഥങ്ങളും, ഇവയെല്ലാം എറണാകുളം മെത്രാപ്പോലിത്താച്ചൻ തിരുമനസ്സിലെ അരമനയുടെ അടുത്തു തെക്കുവശത്തു ബ്രോഡ്വെയിലുള്ള കെട്ടിടത്തിൽസ്ഥാപിച്ചിരിക്കുന്ന തിരുഹൃദയഡിസ്പെൻസറിയിൽ മിതമായവിലയ്ക്കു വിൽപ്പെടുന്നു. വിലവിവരപ്പട്ടിക (Price List) ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതും അതിൽനിന്നു കൂടുതൽ വിവരങ്ങൾ അറിയാവുന്നതുമാണ്.

മാനേജർ തിരുഹൃദയഡിസ്പെൻസറി,—എറണാകുളം.

വരിക്കാർ അറിവാൻ:— വരിപ്പണം ഇനിയും തന്നിട്ടില്ലാത്തവർ മാസത്തിനുമുമ്പു അതു അയച്ചുതരണം. അല്ലാത്തപക്ഷം അവക്കെല്ലാം അടുത്ത ലക്കം വി. പി. യായി അയയ്ക്കുന്നതാണ്. (ക. ചാ. പ.)

കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്.

പുസ്തകം ൨. | ഫെബ്രുവരി. | ലക്കം ൨൨.

മംഗളം.

ഓടി, ച്ചാടി, മറിഞ്ഞുവീണ തലയും, കൈകാലിതൊക്കെച്ചെ-
ച്ചീടാൻ തന്നെനിനച്ചവാവു് കശ്മലൻ മാവിന്മെലും, കാട്ടിലും
കൂടിക്കേറിനടന്നിടുന്ന ചെറുബാലന്മാക്കു, വല്ലായ്മനീ-
ക്കീടാൻ പാടവമേറിടുന്ന സുഭഗെ! ശോഭിക്കനീ ചന്ദ്രികെ!

ശ്രീമാൻ പീറ്റർ കളപ്പുരക്കൽ, കടവന്ത്ര.

നല്ല ഇടയൻ.

(പത്താം പീയൂസ് മാപ്പാപ്പായെപ്പറ്റിയുള്ള ഒരു യഥാർത്ഥ കഥ.)

(ശ്രീമാൻ ഇ. ഒ. ആൻറണി, ബി. എ.)

ഇറ്റലി സാമാന്യം ഉല്ലാധിക്യമുള്ള ഒരു രാജ്യമാണ്. ഹൃദ്യത-ലെ വസന്തകാലം പതിവിലധികം ഉല്ലാസമുള്ളതായിരുന്നു എന്നു തന്നെ പറയണം. മൂടിൻെറ ആധിക്യം മൂലം ജനങ്ങൾ അവരവരുടെ ജോലി കാലമേ നിവർത്തിച്ചു.

മാൻറുവായിലെ മെത്രാൻെറ അരമനയിൽ രാവിലെ തന്നെ ദിനചര്യ ആരംഭിച്ചിരുന്നു. ഭദ്രാസനപ്പള്ളിയിലെ മണി അഞ്ചടിച്ചതും സാത്താമെത്രാൻ തിരുമനസ്സുകൊണ്ടു തൻെറ പാന മുറിയിൽ പ്രവേശിച്ചതും ഒരുമിച്ചായിരുന്നു. ദിവ്യപൂജ നേരത്തെ സമർപ്പിച്ചിരുന്നതിനാൽ പുസ്തക പാരായണത്തിനും, ഉടങ്ങിയിരുന്ന എഴുത്തുജോലികൾ മുഴുമിപ്പിക്കുന്നതിനും അദ്ദേഹത്തിന്നു ധാരാളം സമയം ലഭിച്ചു.

എഴുത്തുമേശയിൽ പ്രധാനസ്ഥാനത്തെ അലങ്കരിച്ചിരുന്ന തുങ്ങപ്പെട്ട രൂപത്തിൽ സശ്രദ്ധം നോക്കിയശേഷം അദ്ദേഹം ഗ്രന്ഥപാരായണം ആരംഭിക്കുകയും അതിൽ ഏകാഗ്രചിത്തനായിഭവിക്കുകയും ചെയ്തു. ഏതാനും മണിക്കൂറുകൾ ഇങ്ങിനെ കഴിഞ്ഞു. തന്റെ സഹോദരി വന്നു് വാതിൽ തുറന്ന വസ്തുത തിരുമനസ്സുകൊണ്ടു് അശേഷം അറിഞ്ഞില്ല. അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകഷിക്കുന്നതിനായി ആ മഹതി മുറിയിലുള്ള ഓരോ സാധനങ്ങളെ ക്രമപ്പെടുത്തുവാൻ തുടങ്ങി. ഉദ്ദിഷ്ടഫലം കാണാതെ അവൾ ഒച്ചയുണ്ടാക്കി. പ്രിയ സോദരിയുടെ ആഗമനത്തെ ഇപ്രകാരം ഗ്രഹിച്ചിട്ടു് അവിടന്നു് പുഞ്ചിരിയോടുകൂടി അവരുടെ നേരെ തിരിഞ്ഞു.

"റോസി, എന്താ വല്ലതും പറയാനുണ്ടോ?" എന്നു് അദ്ദേഹം ചോദിച്ചു.

"വിശേഷിച്ചൊന്നുമില്ല ജോസഫ്; നാളെ ഞായറാഴ്ചയാണു്, അധികം ആളുകൾ ദിവ്യകാരുണ്യസ്വീകരണത്തിനുണ്ടാകും" — എന്നു് അപ്രതീക്ഷിതമായി അവർ ഉത്തരം പറഞ്ഞു.

ആ വന്ദ്യൻ (ആശ്ചര്യഭാവത്തിൽ) : "റോസീ, എന്താണീപറയുന്നതു്?"

"ഗോയിറോവിൽനിന്നു് വന്ന ഒരാൾ പുറത്തു നിൽക്കുന്നുണ്ടു്. നിങ്ങളോടു് എന്തൊ പറയാനുണ്ടത്രെ." തന്റെ സഹോദരന്റെ ശ്രദ്ധയെ പുസ്തകത്തിൽ നിന്നു് വ്യതിചലിപ്പിച്ചതുകൊണ്ടുള്ള സന്തോഷം അവരുടെ മുഖത്തു് കളിയാടി

"കൊള്ളാം, വരാൻ പറയൂ. ആരോടും സംസാരിപ്പാൻ ഞാൻ തയ്യാറാണു്" — എന്നും പറഞ്ഞു് അദ്ദേഹം എഴുന്നേറ്റു.

റോസി പോയ ഉടനെ കൃഷകവേഷം ധരിച്ച ഒരാൾ അവിടെ ആഗതനായി. അല്പം പരുങ്ങലോടുകൂടി ഒരു വലിയ തൊപ്പി കയ്യിൽ ചുറ്റിപ്പിടിച്ചും കൊണ്ടു് അയാൾ വാതുക്കൽ തന്നെ നിന്നതേയുള്ളൂ.

"സ്നേഹിതാ, എന്താണു വിശേഷം?" — എന്നു് കരുണയോടുകൂടി അവിടന്നു് ചോദിച്ചു.

"തിരുമേനീ! എനിക്കു പറയാനുള്ളതു് മറ്റൊന്നുമല്ല; ഞങ്ങളുടെ— ഞങ്ങളുടെ — ഗ്രാമത്തിന്റെ കായ്ക്കും വളരെ കുഴപ്പത്തിലായിരിക്കുന്നു"

"എന്താണു് കുഴപ്പം? വിശദമായി പറയുക. പാട്ടുള്ള സഹായം സന്തോഷത്തോടുകൂടി ചെയ്യാം."

ഭൂരിഭാഗവും ചെറിയവരെക്കൊണ്ടാണു് വലിയ കായ്ക്കുകൾ സാധിക്കുന്നതു്.

"തിരുമേനീ! അങ്ങനെന്ന് വിചാരിച്ചാൽ എന്നെ സഹായിക്കാൻ കഴിയും." എന്ന് ധൈര്യം അവലംബിച്ചുകൊണ്ട് ആഗതൻ പറഞ്ഞു. "ഞങ്ങളുടെ വില്ലേജിൽ ദിവ്യപൂജ സമർപ്പിക്കപ്പെട്ടിട്ട് അധികം നാളായി. ഇടവകവികാരി ഒരു വയോധികനാണ്; ബലഹീനനുമാണ്. കുബ്ബാന ചിലപ്പോൾ മാത്രമേ ചൊല്ലാറുള്ളൂ. ഒരു പ്രസംഗം കേട്ടിട്ടു തന്നെ കാലം വളരെ ആയി. ഓരോ ആവശ്യങ്ങൾക്ക് വളരെ ദൂരം നടന്നാൽ മാത്രമെ ഒരച്ചനെ കിട്ടുവാൻ മാർഗ്ഗമുള്ളൂ. ചെറുപ്പക്കാരനായ ഒരു വൈദികനെക്കൂടി കിട്ടിയാൽ കൊള്ളാമെന്ന് എല്ലാവക്കും താല്പര്യമുണ്ട്."

"നിങ്ങൾക്ക് ഒരച്ചനെ തീർച്ചയായും തരാം. പക്ഷെ വൈദിക വിദ്യാർത്ഥികൾ ചൊല്ലിവരുന്നതുവരെ താമസിക്കേണ്ടിവരും." (അല്പം ആലോചിച്ചതിനുശേഷം) "അതുവരെയ്ക്കും ഞാൻ ഒരാളെ ഏർപ്പാട് ചെയ്യാം. ശനിയാഴ്ചയും, ഞായറാഴ്ചയും അദ്ദേഹം അവിടെവന്ന് കുബ്ബാന ചൊല്ലുകയും, ക്ലാസുകൾനൽകുകയും, പ്രസംഗിക്കുകയും ചെയ്യും."

"തിരുമേനിക്ക് ആയിരം, ആയിരം ഉപകാരം. വിവരം അറിയുമ്പോൾ ആളുകൾക്ക് എത്ര സന്തോഷമായിരിക്കും!"

"സ്നേഹിതാ, എന്നാൽ പോകുക. ദൈവം അനുഗ്രഹിക്കട്ടെ. അച്ചൻ വരുമ്പോൾ പള്ളി ഒഴിവായി കിടക്കരുത് കേട്ടോ" എന്നു പറഞ്ഞുകൊണ്ട് മെത്രാൻ അയ്യാളെ യാത്രയാക്കി.

കൃതജ്ഞതാദരങ്ങൾ സ്ഫുരിക്കുന്ന മുഖത്തോടുകൂടി കർഷകൻ അവിടെനിന്നും പോയി. മെത്രാനാകട്ടെ മന്ദസ്മിതത്തോടുകൂടി പുസ്തകപാരായണവും തുടർന്നു.

* * * *

ഒരു സഹായ വൈദികൻ എത്തിയിരിക്കുന്നു എന്നും ഉച്ചതിരിഞ്ഞതു മുതൽ ഉഷ്ണാധിക്യം വകവയ്ക്കാതെ പാപസങ്കീർത്തനം ആരംഭിച്ചിരിക്കുന്നു എന്നും ഉള്ള വർത്തമാനം ഗ്രാമമെങ്ങും കാട്ടുതീപോലെ പരന്നു. ഗോയിറോ നിവാസികളിൽ മിക്കവരും ഈ നല്ല അവസരത്തെ ഉപയോഗപ്രദമാക്കിത്തീർക്കുവാൻ ഉദ്യമിക്കുകയാൽ അധികം രാത്രിയാകുന്നതുവരെ അദ്ദേഹം ബുദ്ധിമുട്ടേണ്ടിവന്നു. എങ്കിലും ഞായറാഴ്ച രാവിലെ തന്നെ അദ്ദേഹം ജോലി തുടരുകയുണ്ടായി. ആളുകൾക്ക് അദ്ദേഹത്തെപ്പറ്റി ഒരു തുമ്പും കിട്ടിയില്ല. എടവകയിലെ ഒട്ടുമിക്കവരും അന്നു വിശുദ്ധ കുബ്ബാന ഉൾക്കൊണ്ടു. പിന്നീട് പാട്ടുകുബ്ബാനമദ്ധ്യേയുള്ള പ്രസംഗവും

അതു ദൈവശക്തി അധികം പ്രത്യക്ഷപ്പെടുവാൻ വേണ്ടിയാവണം.

പ്രതീക്ഷിച്ചിരിപ്പായി. അപരിചിതനായ ആ വൈദികനെ എല്ലാവരും ഉറ്റു നോക്കിക്കൊണ്ടിരുന്നു. ദീപ്തകായനായ അദ്ദേഹത്തിന്റെ വദനം പ്രസന്നവും, കണ്ണുകൾ വിശാലങ്ങളും, മുടി നരച്ചു തുടങ്ങിയും ആയിരുന്നു. തല അല്പം കുനിച്ചുകൊണ്ട് അദ്ദേഹം പ്രസംഗപീഠത്തിൽ ആരോഹണം ചെയ്തു. ശ്രുതിമധുരവും ഹൃദയസ്പർശകവുമായ ഒരു പ്രസംഗം കൊണ്ട് ആ വന്ദ്യൻ സകലരേയും ആകർഷിച്ചു. "ഞാൻ നല്ല ഇടയനാണ്" എന്ന ദൈവവാക്യം അടിസ്ഥാനമാക്കിയായിരുന്നു പ്രസംഗം. നമ്മുടെ കർത്താവ് തന്റെ ആടുകളെ എത്ര അധികമായി സ്നേഹിക്കുന്നു എന്നു അദ്ദേഹം വിവരിച്ചു നല്ലപോലെ മനസ്സിലാക്കി. അദ്ദേഹത്തിന്റെ വാക്കുകൾ ആളുകളുടെ മനസ്സിൽ എത്ര ഗാഢമായി പതിഞ്ഞു എന്നു് ദേവാലയത്തിലെ നിശ്ശബ്ദതയും, കുമ്പാനകാണുന്നതിൽ അവർ പ്രദർശിപ്പിച്ച ഭക്തിയും വശദീകരിച്ചു.

ദിവ്യപൂജയ്ക്കുശേഷം ഗ്രാമവാസികൾ അധിപനോടുകൂടി അദ്ദേഹത്തിനു് നന്ദിപറയുവാൻ തുടങ്ങി. ആ കൂട്ടത്തിൽ മെത്രാനെ കാണാൻ പോയ ആൻസൽമോ എന്നയാളും ഉണ്ടായിരുന്നു. അയാൾ ധ്യാനനിഷ്ഠനെന്നപോലെ നിശ്ശബ്ദനായി നടക്കുന്നതുകണ്ടു് മറ്റുള്ളവർ വിസ്മയിച്ചു.

"ആൻസൽമോ! എന്താണ് ഒന്നും മിണ്ടാത്തതു്?" എന്നു് ഒരാൾ ചോദിച്ചു.

തലകുലുക്കിക്കൊണ്ടു് അയാൾ പറഞ്ഞു: "ഞാൻ ഒരു കാര്യം ആലോചിക്കയാണ്."

"എന്താ ഇത്ര വലിയ കാര്യം?" എന്നു ഗ്രാമാധിപൻ ചോദിച്ചു.

ആൻസൽമോ അദ്ദേഹത്തിന്റെ ചെവിയിൽ ഇപ്രകാരം മന്ത്രിച്ചു: "ഈ അച്ചന്റെ പേരു് അറിഞ്ഞാൽ കൊള്ളാം."

"ആ, ഹാ! ഇതാണല്ലെ ഈ ഭാവഭേദമൊക്കെ? നിങ്ങൾക്കു് ചോദിച്ചുകൂടെ?"

"അതത്ര എളുപ്പമല്ല. അദ്ദേഹം നമ്മുടെ മെത്രാനെപ്പോലെ ഇരിക്കുന്നു."

"ഉവ്വോ?"

"അതെ! സംശയമില്ല."

ദൈവം ഹാ മീൻപിടുത്തക്കാരെക്കൊണ്ടു തന്റെ സഭയെ ഏർപ്പെടുത്തി.

« നിങ്ങൾക്ക് ——— തോന്നുന്നുണ്ടോ ? »

« പിന്നെയോ ? »

« ഹോ ! ഇതു് ശരിയാണെങ്കിൽ വലിയ ബഹുമാനമാണെല്ലോ നമുക്കുണ്ടായതു് ! പക്ഷെ ഇതിന്റെ വാസ്തവം അറിയേണ്ടിയിരിക്കുന്നു. » (മറവുള്ളവരെ നോക്കിക്കൊണ്ടു്) — « വരു, എല്ലാവരും വരു, നമുക്കു് ബംഗ്ലാവിൽ ചെന്നു് അച്ചനു് നന്ദി പറയാം. »

അവർ വൃദ്ധവൈദികന്റെ പാനമുറിയിലേക്കു ചെന്നു. അദ്ദേഹം അവിടെ തനിയെ ഇരിക്കയായിരുന്നു. പുതിയ വൈദികനെ അവിടെ എങ്ങും കാണ്മാനെ ഇല്ല.

« ഞങ്ങൾ ഇന്നു പ്രസംഗിച്ച അച്ചനു് നന്ദി പറയുവാനായി വന്നതാണു്. അദ്ദേഹം എവിടെ ? » — എന്നു് ഗ്രാമാധിപൻ ചോദിച്ചു.

« നിങ്ങൾ അല്പം വൈകിപ്പോയി. അദ്ദേഹം പോയല്ലൊ. »

« പോയെന്നോ ? ഏതു വഴിക്കു പോയി ? ഞങ്ങൾ പള്ളിവാതുക്കൽതന്നെ ഉണ്ടായിരുന്നല്ലൊ ! »

« നിങ്ങൾ വരുമെന്നു കരുതിയിട്ടു് അദ്ദേഹം അങ്ങിനെ ചെയ്തതായിരിക്കണം ! പിന്നിലുള്ള വാതിൽ കടന്നു് കാൽനടയായിട്ടാണു് പോയതു. അതാ ! നോക്കു; അദ്ദേഹം വണ്ടികയറുന്നേ ഉള്ളു എന്നു് തോന്നുന്നു. »

തങ്ങൾ പ്രതീക്ഷിച്ചിരുന്ന ആൾ വണ്ടിയിൽ കയറി അകലെ മറയുന്നതാണു് അവൻ കണ്ടതു്. ഗ്രാമപ്രമാണിയുടെ നിരാശ അതിരില്ലാത്തതായിരുന്നു. (വൃദ്ധവൈദികനെ നോക്കിക്കൊണ്ടു്:) « അച്ചാ അദ്ദേഹത്തിന്റെ പേർ എന്താണു് ? » എന്നു് അയാൾ ചോദിച്ചു.

« ജോസഫ്പു്. »

« അത്രമാത്രമേ ഉള്ളോ ? »

« അതെ. »

« അച്ചൻ പറയാതിരിക്കയാണു്. »

« ഞാൻ എന്തു പറയാനാണു്. താൻ വീട്ടിലേക്കു പോകുക. എന്നോടൊന്നും ചോദിക്കേണ്ട. എനിക്കു കൂടുതൽ പറവാൻ പാടില്ല. അദ്ദേഹത്തെ വിളിക്കുന്നതു് ജോസഫ്പു് അച്ചൻ എന്നാണു്. »

« വേറെ ഒന്നും..... »

« പോ, പോ » എന്നു പറഞ്ഞു് ആ വൃദ്ധവൈദികൻ അയ്യാളെ

അവരെക്കൊണ്ടുതന്നെ അജ്ഞാനലോകത്തെ പിടിച്ചുടക്കി.

പതുക്കെ വാതിൽക്കലേക്കു് തള്ളി. "എത്ര ചോദിച്ചാലും, ഇതിലധികമൊന്നും ഞാൻ പറയുകയില്ല."

അസംതൃപ്തരായിട്ടാണു് അവർ മടങ്ങിയതെന്നു് പറയേണ്ടല്ലൊ. ആൻസൽമോയുടെ ഊഹം യഥാർത്ഥമാണൊ എന്നറിയേണമെന്നുള്ള ജിജ്ഞാസ അവരുടെ മനസ്സിൽ കടന്നുകൂടി. വാസ്തവം ഗ്രഹിക്കേണ്ടതിനു് അവർ ഒരാളെ മേൻറുവയിലേക്കു് അയച്ചു. അയ്യാളെ കാണുവാൻ ജോഹിത്തിരുക്ക മൂലം മെത്രാനു കഴിഞ്ഞില്ല. എന്നാൽ പോയ ആളാകട്ടെ അവിടെ കണ്ട ഒരു പടത്തിൽനിന്നു് ഗോയിറോവാ സന്ദർശിച്ചതു് മെത്രാൻതന്നെയാണെന്നു് അനുമാനിച്ചു.

ഫ്രവൻരു-ൽ സാത്തോ മെത്രാൻ തിരുമനസ്സുകൊണ്ടു് കുറിനാളായി മേൻറുവാവിട്ടു് പെനീസിലേയ്ക്കുപോയി. ഈ വിയോഗം മേൻറുവാ പ്രജകൾക്കു് എല്ലാംകൊണ്ടും ദുഃഖകരമായിരുന്നു. ഗോയിറോവാ ഗ്രാമം കൂടുതൽ ദുഃഖമനുഭവിച്ചു എന്നു് പ്രത്യേകം പറയേണ്ടതില്ലാ.

കൊല്ലം ഫ്രവ കഴിഞ്ഞു. ഇതിനിടക്കു ഗോയിറോവായിൽ പല മാറ്റങ്ങളും സംഭവിച്ചു. സാത്തോ മെത്രാനിൽനിന്നു് വിശുദ്ധ കുമ്പാനഉർക്കൊള്ളുകയും അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുകയും ചെയ്തവരിൽ പലരും മരിച്ചുപോയി. യുവജനങ്ങളിൽ മിക്കവരും സ്നേഹാദരവുകളോടുകൂടി അദ്ദേഹത്തെ സ്മരിക്കാതിരുന്നില്ല.

ഫർനു ആഗസ്റ്റ് രു-ാംനു- സാത്തോ കർദിനാൾ മാപ്പുപ്പായായി തിരിഞ്ഞെടുക്കപ്പെട്ട എന്ന വർത്തമാനം നാടൊക്കെ പരന്നു. ഗോയിറോവാ നിവാസികളുടെ സന്തോഷം അവർണ്ണനീയമായിരുന്നു. തദ്ദേശവാസികളുടെ നന്ദിസൂചകമായി പരിശുദ്ധ പിതാവിനു് ഒരു സമ്മാനം നൽകുവാൻ അവർ തീർച്ചയാക്കി.

സമ്മാനം എന്തായിരിക്കേണമെന്ന സംഗതിയിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ഒടുവിൽ വൃദ്ധനായ നമ്മുടെ ഗ്രാമാധിപൻെറ അഭിപ്രായം എല്ലാവരും സ്വീകരിച്ചു.

ന്യ മാസം കഴിഞ്ഞു് മാപ്പുപ്പായ്ക്കുള്ള സമ്മാനം കാണുവാൻ പള്ളിമിറ്റത്തു് അസംഖ്യം ആളുകൾ കൂടി. ശുദ്ധവെള്ളികൊണ്ടുള്ള നല്ലൊരിടയൻെറ ഒരു പ്രതിമയായിരുന്നു അതു്. അതിൻെറ മുകളിൽ ഇപ്രകാരം എഴുതപ്പെട്ടിരുന്നു:

"നല്ലിടയനായ ഫ-ാം പീയൂസ്സു് മാപ്പുപ്പായ്ക്കു് ഗോയിറോവായിലെ കൃതജ്ഞതയുള്ള ഏടവകക്കാരിൽനിന്നു്."

ദൈവം ഒരു സാധുകന്യകയെ തൻെറ അമ്മയായി തെരഞ്ഞെടുത്തു

പ്രസാധകക്കുറിപ്പുകൾ.

ചോദ്യം.

രാത്രി പ്രാർത്ഥനയും അത്താഴവും കഴിഞ്ഞു് അപ്പനും അമ്മയും മക്കളും ഒരുമിച്ചിരുന്നു കുറെനേരം ഉല്ലസിക്കാറുണ്ടു്. ആ സമയം നടക്കുന്ന സംഭാഷണത്തിനിടയിൽ മക്കൾക്കു് ആവശ്യമായ ചില ഉപദേശങ്ങൾ അപ്പൻ നൽകുകയും പതിവാണു്. ഒരു ദിവസം ഇവരുടെ സംഭാഷണ വിഷയം അന്നു് ആ ഇടവകയിൽ സ്ഥാപിച്ച വേദപ്രചാര സംഘമായിരുന്നു. ബ. വികാരി അച്ചൻ നേരത്തെ അറിയിച്ചിരുന്നതനുസരിച്ചു ഇടവകയിലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളും പള്ളിസ്കൂളിൽ നിശ്ചിത സമയത്തു കൂടി. ബ വികാരി അച്ചൻ വേദപ്രചാരസംഘത്തിന്റെ ഉദ്ദേശത്തേയും ഉപയോഗത്തേയും മറ്റും കുറിച്ചു സദസ്യരെ പറഞ്ഞു മനസ്സിലാക്കി എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള അഭിപ്രായപ്രകാരം ഒരു ശാഖാസംഘം ആ ഇടവകയിൽ സ്ഥാപിച്ചു. പണപ്പിരിവിനും മറ്റു കാര്യങ്ങൾ നടത്തുന്നതിനുമായി ഒരു കമ്മറ്റി ഏർപ്പെടുത്തി. ഇടവകയിലെ പ്രമാണികളെല്ലാം അതിലെ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു. ഞായറാഴ്ചതോറും പള്ളിയിൽ പിരിവെടുക്കാൻ ആ പ്രമാണികൾതന്നെ മാറി മാറി വേണ്ടതു പ്രവർത്തിച്ചുകൊള്ളാമെന്നു ഏറ്റു. ഇങ്ങിനെയെല്ലാം നിശ്ചയങ്ങൾ ചെയ്തു യോഗം അവസാനിപ്പിക്കയും ചെയ്തു. ഈ വിഷയത്തെക്കുറിച്ചായിരുന്ന മുൻ പ്രസ്താവിച്ച കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ സംഭാഷണം തുടങ്ങിയതു്. കുട്ടികളിൽ മുതിർന്നവരെല്ലാം അന്നത്തെ യോഗത്തിൽ ഹാജരുണ്ടായിരുന്നു. എങ്കിലും അവരിൽ പൊറുഞ്ഞുണ്ണിക്കു യോഗത്തെക്കുറിച്ചു ശരിയായ ജ്ഞാനം ലഭിച്ചില്ല. അതിനാൽ അവൻ ഇങ്ങിനെ ചോദിച്ചു. "അപ്പാ, ഇന്നു പള്ളിസ്കൂളിൽ നടന്നതെല്ലാം എന്താണു്?" കൂടിയിരുന്നവരിൽ വലിയ ഉത്സാഹംകണ്ടു് ഞാനും സന്തോഷിച്ചു. ബ. വികാരി അച്ചന്റെ പ്രസംഗം വളരെ നന്നായിരുന്നുവെന്നു ആളുകൾ പറയുന്നതുകേട്ടു. എന്നാൽ എനിക്കു കാര്യമൊന്നും മനസ്സിലായില്ല. അപ്പൻ അതെല്ലാം പറഞ്ഞു മനസ്സിലാക്കിത്തരണമെന്നു് അപേക്ഷയുണ്ടു്."

മറുപടി.

അപ്പൻ "പൊറുഞ്ഞുണ്ണി ഇതു ചോദിച്ചതു നന്നായി. ഈ കാര്യ

ത്തെക്കുറിച്ചു ഇന്നു പറയണമെന്നു ഞാൻ വിചാരിച്ചിരുന്നതാണ്. ബ. വികാരി അച്ചന്റെ പ്രസംഗത്തിലെ മുരുക്കംതന്നെ ആദ്യം പറയാം. ഇന്നു ലോകത്തിൽ ഏകദേശം ഏഴാറാം ലക്ഷത്തിലധികം മനുഷ്യരുണ്ട്. അവരിൽ ഏകദേശം നൂറാം ലക്ഷം—അഞ്ചിലൊന്നു—മാത്രമേ കത്തോലിക്കരുള്ളൂ. ഇന്ത്യയിൽ ഇന്നു ഉദ്ദേശം നൂറാം ലക്ഷം ജനങ്ങളുണ്ട്. അതിൽ നൂറു ലക്ഷത്തോളം—നൂറിലൊന്നു—മാത്രമേ കത്തോലിക്കരുള്ളൂ. നമ്മുടെ ഈ മലയാളദേശത്തുതന്നെ ഏതുവളരെ ജനങ്ങളുണ്ട്. അവരിൽ ഒരു ചെറിയഭാഗം മാത്രമേ കത്തോലിക്കരുള്ളൂ.

ഏല്ലാമനുഷ്യരും സ്വർഗ്ഗത്തിൽ ഏത്തി നിത്യഭാഗ്യം അനുഭവിക്കാനുള്ളവരാണ്. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി മാത്രം കത്തോലിക്കസഭയാകുന്നു. അതിനാൽ കത്തോലിക്കസഭയിൽ ചേരാത്തവർ സ്വർഗ്ഗത്തിലേക്കുള്ള വഴികൂ പുറത്താണു കിടക്കുന്നതു്. അതു മുഖാന്തിരം അവർക്കു് നിത്യഭാഗ്യം നഷ്ടപ്പെടുന്നു. അതു എത്രവലിയ നഷ്ടമാണ്! ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തു പ്രയോജനം എന്നു നമ്മുടെ കർത്താവു ചോദിക്കുന്നു. അതിനാൽ അവരുടെ നഷ്ടം ലോകംമുഴുവൻ നഷ്ടപ്പെടുന്നതിനേക്കാൾ എത്രയോ വലുതു്? ആ നഷ്ടം വരാതിരിക്കാൻ അവരെ നമ്മൾ സഹായിക്കേണ്ടതല്ലേ? ആ സഹായം എത്രവലിയ പരോപകാരപ്രവൃത്തിയായിരിക്കും! അങ്ങനെയുള്ള സഹായം നമ്മളാൽ കഴിയുന്നവിധം ചെയ്യണമെന്നാണു് ബ. വികാരി അച്ചൻ ഉപദേശിച്ചതു്."

ഈ വാക്കുകൾ പൊറുഞ്ഞുണ്ണിയുടെ ഹൃദയത്തെ വല്ലാതെ ഇളക്കി. അവൻ പറഞ്ഞു. "അപ്പാ, തീർച്ചയായും സഹായിക്കണം. അതിനു നമ്മളെന്താ ചെയ്യേണ്ടതു്. ഞാൻ എന്നാൽ കഴിയുന്നതു ചെയ്യാൻ ഒരുക്കമാണു്." ഇതു കേട്ടുകൊണ്ടിരുന്ന അവന്റെ കൊച്ചുപെങ്ങളും അനുജനും "അപ്പാ, ഞങ്ങളും ഒരുക്കമാണു്" എന്നു ഉത്സാഹത്തോടുകൂടി പറഞ്ഞു.

അപ്പൻ തുടർന്നു: "നമ്മൾ മൂന്നുകാര്യം ചെയ്യണമെന്നാണു ബ. വികാരി അച്ചൻ പറഞ്ഞതു്. ഒന്നാമതു പ്രാർത്ഥിക്കണം; രണ്ടാമതു പണസഹായം ചെയ്യണം; മൂന്നാമതു മറുതരത്തിൽ പരിശ്രമിക്കണം." പൊറുഞ്ഞുണ്ണി: "നമ്മൾ ദിവസവും പ്രാർത്ഥിക്കുന്നുണ്ടല്ലോ, അപ്പാ. വിശേഷമായിട്ടു പിന്നെ എന്താ ചെയ്യേണ്ടതു്." അപ്പൻ "നമ്മൾ പ്രാർത്ഥി

ദൈവം ചെറിയവർക്കാണു് പ്രത്യേകം കാണപ്പെട്ടിട്ടുള്ളതു്.

ക്കുമ്പോൾ അതിനു ഒരു പ്രത്യേക ഉദ്ദേശം-നിയോഗം" എന്നു സാധാരണ പറയും.-ഉണ്ടായിരിക്കുമല്ലൊ. പലപ്പോഴും ആ ഉദ്ദേശം, അന്യമതക്കാർ കത്തോലിക്ക മതത്തിൽ ചേരണം, എന്നുള്ളതായിരിക്കണം. "കർത്താവെ, എന്റെ ഈ പ്രാർത്ഥന അന്യമതക്കാരുടെ മനസ്സുതിരിവിനായി ഞാൻ കാഴ്ചവക്കുന്നു" എന്നു കർത്താവിനോടു പറഞ്ഞുകൊണ്ടു പ്രാർത്ഥന തുടങ്ങണം. ഇന്ന ആളുകളുടെ മനസ്സുതിരിവിനു എന്നു പ്രത്യേകം വല്ലവരെയും ഓർത്തുകൊണ്ടായാൽ ഏറ്റവും നന്നു. ഇതിനും പുറമെ, ദിവസംപ്രതി ഫ. 'ആകാശങ്ങളിലിരിക്കുന്ന' തും, ഫ. 'നന്മനിറഞ്ഞ മറിയ' വു, മാർ തോമ്മാശ്ലീഹായെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കു; ശെയ്ഖാർമൂന്യവാനെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കു, എന്നും ചൊല്ലണം. ഈ പറഞ്ഞ നമസ്കാരങ്ങൾ ചൊല്ലണമെന്നുള്ളതു ഇന്നു ഇവിടെ സ്ഥാപിച്ച വേദപ്രചാരസംഘത്തിലെ ഒരു ചട്ടമാണ്.

പൊറുഞ്ഞുണ്ണി. "പണം കൊടുക്കണമെന്നുപറഞ്ഞല്ലൊ, അപ്പോ; അതെന്തിനാണ്?". "താഴ്ന്നജാതിക്കാർ ജോലിമുടക്കിയിരുന്നു നമസ്കാരം പഠിക്കുമ്പോൾ അവർക്കു ചിലവിനു കൊടുക്കണം. അവരെ പഠിപ്പിക്കുന്ന ആശാനു ശമ്പളം കൊടുക്കണം. പിന്നെ വേറെയും പല ചിലവുണ്ട്. അതിനൊക്കെ എവിടെന്നാപണം? നമ്മളൊക്കെ കൊടുത്തെങ്കിലല്ലേ അതിനുപണമുണ്ടാകൂ. വേദപ്രചാരസംഘത്തിലെ ചട്ടപ്രകാരം ഓരോ അംഗവും മാസത്തിൽ കുറഞ്ഞതു ന്നു പൈ കൊടുക്കണം" പൊറുഞ്ഞുണ്ണി "ഇനി, വേറെതരത്തിൽ സഹായിക്കുമൊന്നു പറഞ്ഞതു എന്താണപ്പൂ?" "നമ്മുടെ വീട്ടിൽ പണിക്കുവരുന്ന ചാത്തനും കുടുംബവും മനസ്സുതിരിയുമെന്നു എന്നോടു പറഞ്ഞിട്ടുണ്ടു. അവരെ നമ്മൾതന്നെ നമസ്കാരവുംമറ്റും ഒഴിവുപോലെ പഠിപ്പിച്ചാൽ അതു അത്തരം ഒരു സഹായപ്രവൃത്തിയായിരിക്കും. ഇങ്ങിനെ എല്ലാം വേദപ്രചാരവേലയിൽ നമുക്കു സഹായിക്കാൻ കഴിയും".

നിശ്ചയം.

പൊറുഞ്ഞുണ്ണിക്കു ഇപ്പോൾ കാര്യം കുറെയെല്ലാം മനസ്സിലായി. ഇങ്ങനെ ചില സഹായംചെയ്യുന്നതു അത്ര വിഷമമുള്ളതല്ലല്ലൊ. എന്നാൽ അതുകൊണ്ടു അന്യജാതിക്കാരിൽ എത്രപേരെ സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽ കൊണ്ടുവന്നാക്കാൻ സാധിക്കും, എന്നിപ്രകാരം അവൻ വിചാരിക്കയും ചില നിശ്ചയങ്ങൾ ചെയ്കയും ചെയ്തു. അന്നുമുതൽ ആ

അവക്കാണ് തന്റെ വെളിച്ചം തൽകിയിട്ടുള്ളതു്.

വീട്ടിൽനിന്നു വേദപ്രചാരസംഘത്തിലേക്കു നു പേരുടെ വരിപ്പണംവകു ചെല്ലാനുള്ള നു അണാ അവൻതന്നെ ചോദിച്ചുവാങ്ങി മാസംതോറും പള്ളിയിൽകൊണ്ടുപോയി ഏല്പിക്കും. ഒരാളെ പഠിപ്പിച്ചു മാമ്മോദീസാ മുക്കുന്നതിനു ഏകദേശം 3 ക. യോളം ചിലവുവരുമെന്നു അവൻ എങ്ങിനെയൊ മനസ്സിലാക്കി. അതിൽപിന്നെ, 3 ക. ഉണ്ടാക്കിക്കൊടുത്തു ഒരാളെ മനസ്സുതിരിക്കാൻ സഹായിക്കണമെന്നായി അവന്റെ ആഗ്രഹം. അതിലേയ്ക്കു രണ്ടോ മൂന്നോ കാല്ക്കുവീതം അവൻ ആഴ്ചതോറും ശേഖരിച്ചുവന്നു. അങ്ങിനെയിരിക്കെ മദിരാശിയിൽ ഉദ്യോഗം വഹിക്കുന്ന അവന്റെ ഒരു അമ്മാവൻ അവനു ക്രിസ്തുമസ്സ് സമ്മാനമായി പടക്കവും മറ്റും വാങ്ങി പൊട്ടിക്കാൻ 3 ക. അയച്ചുകൊടുത്തു. അവനു അത്യന്തം സന്തോഷമായി. അവന്റെ ആഗ്രഹം സാധിക്കാൻ വഴി കണ്ടു. ആ കൃപാ അഞ്ചും അവൻ ഉടനെ ബ. വികാരി അച്ചനെ ഏല്പിച്ചു അതുകൊണ്ടു ഒരു അജ്ഞാനിയെ പഠിപ്പിച്ചു മാമ്മോദീസാ മുക്കണമെന്നു അപേക്ഷിച്ചു. വികാരി അച്ചൻ ആ സംഖ്യ പുലയരുടെയിടയിൽ വേല ചെയ്യുന്ന ഒരു പട്ടക്കാരനു അയച്ചുകൊടുത്തു. പൊറുഞ്ഞുണ്ണിയുടെ ആഗ്രഹം അദ്ദേഹത്തെ കത്തുമൂലം അറിയിക്കയും ചെയ്തു. അദ്ദേഹം ആ പണം ഒരു പുലക്കുട്ടിക്കുവേണ്ടി ചിലവുചെയ്തു അവനെ മാമ്മോദീസാ മുക്കാൻ ഒരുക്കി. മാമ്മോദീസാ മുക്കുന്ന അവസരത്തിൽ പൊറുഞ്ഞുണ്ണിയെ അദ്ദേഹം ക്ഷണിച്ചുവരുത്തി. അവനു അപ്പോളുണ്ടായ ആനന്ദം വർണ്ണിക്കാൻ പ്രയാസം! അവൻ കത്താവിനോടു ഇങ്ങനെ അപേക്ഷിച്ചു "കത്താവെ, ഇതാ ഞാൻ അങ്ങേയ്ക്കു ഒരു ആത്മാവിനെ തരുന്നു. എന്റെ എളിയ കാഴ്ച കൈക്കൊണ്ടു് എന്നെ അനുഗ്രഹിക്കേണമെ." കത്താവു് ആ കാഴ്ച കൈക്കൊണ്ടു അവനെ അനുഗ്രഹിച്ചുവെന്നു തീർച്ചതന്നെ. അന്നുമുതൽ അവനു വേദപ്രചാകായ്ത്തിൽ കൂടുതൽ ഉത്സാഹമായി. പ്രാർത്ഥനയും, പരിശ്രമവും ഇരട്ടിച്ചു ചെയ്തുതുടങ്ങി. തനിക്കു കിട്ടുന്ന ചില്ലറ പണമെല്ലാം സ്വരുക്കൂട്ടി മനസ്സുതിരിവിനു അയച്ചുകൊടുത്തു പൊറുഞ്ഞുണ്ണിയുടെ ഈ ദിഷ്ടാന്തം മറ്റു കുട്ടികളും കണ്ടുപഠിച്ചു. അങ്ങിനെ ആ ഇടവകയിലെ കുട്ടികൾ സാക്ഷാൽ അപ്പൊസ്തോലന്മാരായിത്തീരുകയുംചെയ്തു.



ദേവമാതാവു കൂട്ടിൽ ബെർത്തെർഡറിനു കാണപ്പെട്ടു.

സ്ലീവാപ്പാഥ ഗീതങ്ങൾ.

(ബ. ജോസ് എൽ. ശ. മാവുങ്കൽ.)

പീഠത്തിൻമുൻപിൽ ആത്മമായി പാട്ട തുടങ്ങിയിട്ട് അതിൻെറശേഷം ജപങ്ങൾ തുടരുന്നു. പിന്നീട "പരിശുദ്ധേ ദേവമാതാവേ....." എന്ന ജപം ചൊല്ലി എഴുന്നേറ്റ അടുത്തസ്ഥലത്തേക്കുള്ള പാട്ടപാടിക്കൊണ്ടു നടക്കുകയും അവിടെച്ചെന്നു പാട്ട അവസാനിച്ചു മുട്ടുകുത്തി പരിവുപോലെ ജപം തുടരുകയും ചെയ്യുന്നു. ഇപ്രകാരം അവസാനംവരെ ഓരോസ്ഥലത്തേക്കും രണ്ടടിവീതം പാടാം.

("ദേവേശാ ഏശുപരാ" or "ഈശോയേ എൻപിതാവേ") എന്ന മട്ട്.

1) ഈശോയേ! നീനടന്ന ഭീകരമാം സ്ലീവാപ്പാഥയതിൽ
കന്നിമേരിയമ്മയോടും - ചേർന്നരുമിച്ചീടുന്ന നിന്നെ ഞങ്ങളും.

2) സഹ്യമാം ഇവ്വഴിയിൽ നീചൊരിഞ്ഞ രക്തത്തുള്ളികളാം
രത്നങ്ങളെ ശേഖരിപ്പാൻ നീതുണയ്ക്കു, നിൻകൃപപോൽ കാഴ്ച
(വയ്ക്കുന്നേ.

3) പീലാത്തോസ് അന്യായമായ് ഈശോയെകൊല്ലുവാൻ വിധിച്ച
നമ്മുടെവൻപാപഗണ-മാണിതിൻകാരണമെന്നു ധ്യാനിച്ചീടുക.

4) ന്യായേശാ! പാപികളാം ഞങ്ങളെനീ വിധിച്ചീടുംനാളിൽ
നീതിപോലെചെയ്തീടേണമേ! കരുണ്യത്തോടെ ഞങ്ങളെ രക്ഷിക്ക
(ൺപാക്കണേ!

5) ക്രൂരന്മാർ ഭാരമേറും ക്രൂശതൻെറ തിരുത്തോളിലേറ്റി
സോദരരേ! താൻ ചുമക്കുംഭാരം നമ്മുടെവൻപാപമോർക്ക.

6) നാഥാ! ഈ, ജീവിതത്തിൽ സങ്കടങ്ങളാകും ക്രൂശുകളെ
മോദമോടെ ഏറ്റുകൊൾവാൻ നീസഹായം ചെയ്യേണമെ ഞ
(ങ്ങൾക്കെന്നുമെ.

7) ഭാരത്താലെ ക്ഷീണിച്ചീടുമ്പോൾ, പാരമേൽതാൻ തട്ടിവീഴുന്നയ്യോ!
സ്നേഹിതരേ! പാപങ്ങളിൽ-ആത്മമായ് നാം വീണതിതിൻ മൂല
(മെന്നോർക്ക.

8) കർത്താവേ! നിൻപ്രമാണലംഘനത്താൽഞങ്ങൾപാപച്ചേറ്റിൽ
വീഴാതെ ലോകവാസം-സഹ്യരാജ്യപ്രദമാകാൻ നീ സഹായിക്ക.

9) തൻസുതനെ മാറ്റുമദ്ധ്യേ കന്നിമേരിയമ്മകാണുന്നിതാ!
കണ്ടാലും! എത്രമാത്രം-മമ്മഭേദകമാകുന്നിക്കൂടിക്കാഴ്ച ഹാ!

അവർ സാധുവായ ഒരു പെൺകുട്ടിയായിരുന്നു.

10) മാതാവേ! കോമളൻനിൻ പുത്രനിതോ? തിരിച്ചറിഞ്ഞോ നീ?
തന്നോടിത്രനീചമായി-ചെയ്തവരീഞങ്ങളാണേ! ക്ഷമിക്കേണമേ!

11) ക്രൂശീവിധംതാൻ മുമ്പന്നാൽ ജീവനോടെ തന്നെക്രൂശിക്കുവാൻ,
സാദ്ധ്യമല്ലെന്നോർത്തൂയൂദർ സ്ലീവാമുപ്പാൻ ശീമോനെനിയോഗി
(ക്കുന്നേ.

12) ശിമയോനെപോലെ ഞങ്ങൾനിൻപുറകേ ക്രൂശുതാങ്ങിക്കൊണ്ടു
വന്നീടട്ടെ എശുനാഥാ! ഭാഗ്യവാന്മാരായീടട്ടെ നിൻ കാരുണ്യ
(ത്താൽ

13) ദിവ്യമായ ദീപ്തിചിന്തും സുന്ദരമാംമുഖം മ്ലാനമായി
ഭക്തരായ വേറോനീക്കാ-സ്നേഹഭക്തരാദരങ്ങളാൽ തുടയ്ക്കുന്നതു്.

14) പാപത്താലെമ്ലാനമായ ഞങ്ങളുടെ ആത്മഹൃത്തടങ്ങൾ
ശുദ്ധിയാക്കിനിൻമുഖത്തിൻ-ഛായയെനിമുദ്രിതമാക്കേണമവയിൽ

15) രണ്ടാമതും ക്രൂശിൻകീഴായ് താൻ തളർന്നുതട്ടിവീഴുന്നയ്യോ!
ചന്തമേറുംകൈകാൽകളും-ആനനവുംകല്ലിൽമുട്ടിപ്പൊട്ടികീറുന്നു

16) ഈശോനാഥാ! ഞങ്ങൾവീണ്ടും ചാവുദോഷങ്ങളിൽവീണതിനാൽ
അപ്പയോനീ വീണതേവം? മേൽനിൻ തൃക്കൈനീട്ടിപ്പൊക്കിരക്ഷി
(ക്കേണമേ!

17) കർത്താവിന്റെ പീഡകളെ കണ്ടുതുലാംസഹതാപമോടെ
ഭക്തസ്ത്രീകൾ കേണിടുന്നു-താനവരോടോതിയവ ധ്യാനിച്ചീടുക

18) "ഓ ജറുശ്ലേമിൻ പുത്രികളെ! എന്നെയോർത്തു നിങ്ങൾകേണിടേണ്ട,
നിങ്ങളുടെ സ്നേഹമേറും മക്കളെയോർത്തോരാം നിങ്ങൾ വിലപിക്ക
(വിൻ"

19) ദിവ്യമായ തൻമുഖാബ്ജം കുത്തി മൂന്നാമതും വീഴുന്നീശോ,
നീചയൂദർ ചുറ്റിക്രൂടി-നാലുപാടും വലിക്കുന്നു! ചവുട്ടുന്നയ്യോ!

20) ചോരിനുള്ളിൽ റോസപ്പൂപോൽ വിണുഴലും മമ ജീവനാഥ!
ഘോരമായ നിന്ദ്യാഗിയിൽ വീണിടാതെ ഞങ്ങളെനീ രക്ഷിക്കേ
(ണമേ!

21) ചെന്നായ്ക്കൂർകുഞ്ഞാടിന്റെ തോലുരിഞ്ഞു ചന്തിക്കീറുന്നപോൽ
രക്തത്താലെ ദേഹത്തോട്ടു-ഒട്ടിച്ചേന്നവസ്ത്രമവർചീന്തിടുന്നയ്യോ

22) മാമ്മോദീസാ കൈക്കൊണ്ടപ്പോൾ ഞങ്ങൾ സ്വീകരിച്ച വെള്ള
(വസ്ത്രം,
ദൈവേഷ്ടമാം ദിവ്യവസ്ത്രം-നഷ്ടമാക്കായ്വാൻ നീ ശക്തിയേകണം
(സദാ.

ലൂർദിൽ അനേകം അത്ഭുതങ്ങൾ കൊല്ലംതോറും നടക്കുന്നുണ്ടു്.

23) സ്ലീവാമേൽ താൻകിടന്നു യൂദർ കൈകാലുകളാണികളാൽ
ക്രൂശിൽചേത്തുതറയ്ക്കുന്ന-പ്രാണവേദനയാലീശോവിലപിക്കുന്നു!

24) ചുറ്റികയിൻശബ്ദവും തൻ ആത്തനാദവും മുഴങ്ങുന്നിതാ!
ഈശോയേ!ഘാതകരിഞ്ഞങ്ങളെനീശിക്ഷിക്കല്ലേ!രക്ഷിക്കേണമേ!

25) ആകാശത്തിൽ മൂന്നാണിമേൽ നഗ്നനായി തൂങ്ങിമരിക്കുന്നീശോ.
പ്രീശേന്മാരും സപ്രേന്മാരും-താഴെനിന്നു നിന്ദിക്കുന്നു സന്തോ
(ഷിക്കുന്നു,

26) മാതാവും യോഹന്നാനും മഗ്ദലേനായോടു ചേർന്നുനിൽക്കും
ക്രൂശിൻകീഴിൽ പോയിനിൽക്കാം-തന്റെ രക്തം വീണു നമ്മളെ
(ശുദ്ധരാക്കട്ടെ.

27) ചെന്താമരപ്പൂവിലൊരു പെൺതാമരപ്പൂവണച്ചതുപോൽ
തൻസുതന്റെ പൂമേനിയേ-അമ്മ മടിയിൽകിടത്തി ചുംബിക്കു
(ന്നിതാ!

28) കന്യാമണേ! ജീവിതാന്ത്യം മൃത്യുനേരം ഞങ്ങൾ നിൻമടിയിൽ
ചേരുവാനും ഞങ്ങളുടെ-ആത്മാക്കളെ കൈക്കൊൾവാനും ചിത്ത
(മാകുണേ !

29) ശിഷ്യരിതാ നാഥനുടെ ദിവ്യദേഹം സംസ്കരിച്ചീടുന്നു
പാപത്തിൽനാം ആത്മാവിനെ താഴ്ത്തിയതല്ലയോ ഇതിൻ കാര
(ണമയ്യോ !

30) ഈശോയേ! നിൻ കല്ലറമൂടികയെ മൃത്യും ഞങ്ങളുടെ
ആത്മാക്കളെ മൃത്യുനേരം-നിൻ തിരുഹൃദയത്തിൽ നീസംസ്കരി
(ക്കുണേ!

31) അമ്മേ!മേരീ!നിൻപുത്രന്റെസ്ലിവാപ്പാഥയിതിൽഞങ്ങൾചെയ്ത
കുറങ്ങളെ നീക്കിനിന്റെ-പുത്രനേറ്റം ഇഷ്ടമായതാക്കിത്തീ
ക്കുണേ!

32) സ്വർഗ്ഗേ വാഴുംതാത!നിന്റെരാജാതൻക്രൂശാൽസ്വർഗ്ഗമേറിയപോൽ
ഞങ്ങളുമീക്രൂശുവഴി-സ്വർഗ്ഗമതിൽനിൻതൃപ്പാദംചേരാൻതുണയ്ക്കു.

* * * *

ഏതാണ്ടു മാസങ്ങൾക്കുമുമ്പു ജപ്പാനിൽ നാഗസാക്കി പ്രവിശ്യയിലെ മെത്രാനായി മോൺസിഞ്ഞോർ ഹയസാക്ക മാപ്പുപ്പാ തിരുമേനിയാൽ അഭിഷേകം ചെയ്യപ്പെട്ടവല്ലോ. മൂർദീൽ വച്ചു ചെയ്ത ഒരു പ്രസംഗത്തിൽ തന്റെ രൂപതയെ മൂർദ് മാതാവിന്റെ സംരക്ഷണയ്ക്കു താൻസമർപ്പിക്കുന്നതായി അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

അവയിൽ ചിലവയെ ശാസ്ത്രജ്ഞന്മാർ പരിശോധിച്ചിട്ടുണ്ടു.

കാണ്മാനില്ല കാണ്മാനില്ല!

ഞായറാഴ്ച മൂന്നു മണിക്കു് പതിനഞ്ചു മിനിട്ടുള്ളപ്പോൾ—സെൻറു് മേരീസു് പള്ളിയിൽ ഒരു മണി അടിക്കുക പതിവാണു്. വേദപാഠമാരംഭിക്കുന്നതിനു് കാൽ മണിക്കൂർകൂടെയുള്ള എന്നു് ഇടവകബാലന്മാരെ ഓർമ്മിപ്പിക്കുന്നതിനാണു് ഈ മണികൊട്ടിയിരുന്നതു്. മണിനാദം കേട്ടാലുടൻ കുട്ടികളൊക്കെ ഏതു വിനോദത്തിലുംപ്പെട്ടിരുന്നാലും അതിനെ ഒക്കെ ഉപേക്ഷിച്ചു് വേഗം പള്ളിലേക്കു് യാത്രയാകും. കൃത്യം മൂന്നു മണിക്കു് എല്ലാ കുട്ടികളും പള്ളിയിലെത്തിയിരിക്കും. ഇവരെ വേദപാഠമഭ്യസിപ്പിച്ചിരുന്നതു് ടി പള്ളിവികാരി ജെയിംസച്ചനായിരുന്നു. ഇദ്ദേഹം മതസംബന്ധമായി കുട്ടികളുത്യാവശ്യമറിഞ്ഞിരിക്കേണ്ട പലേ സംഗതികളും അവരെ പഠിപ്പിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ഉപദേശം പ്രായേണ കഥാരൂപേണയായിരുന്നു. ഇതുകൊണ്ടു് അദ്ദേഹത്തിൽറ ക്ലാസിൽ വന്നു പഠിക്കുന്നതിനു് കുട്ടികൾ പ്രത്യേകം ജാഗ്രത കാണിച്ചിരുന്നു.

ഞായറാഴ്ച തോറും ഒരു മണിക്കുർ നേരത്തേക്കു മുറയ്ക്കു വേദപാഠം ഇങ്ങനെ നടന്നിരുന്നു. ദൈവം സർവ്വജ്ഞനാണു് തന്നിൽ നിന്നു് ഒരു വനും ഒന്നും ഒരിക്കലും മറയ്ക്കുവാൻ സാധിക്കുന്നതല്ല. താൻ നമ്മുടെ വിചാരങ്ങളെക്കൂടെയും കണ്ടറിഞ്ഞിരിക്കുന്നു. എന്നും മറ്റും ജെയിംസച്ചൻ ഒരിക്കൽ കുട്ടികളെ പഠിപ്പിച്ചിരുന്നു. ഒരു ഞായറാഴ്ച അദ്ദേഹം ഈ സംഗതി ഒന്നുകൂടെ പറഞ്ഞൊമ്മപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു കുട്ടി ക്ലാസിൽ വന്നു് അദ്ദേഹത്തോടു് ഇപ്രകാരം പറഞ്ഞു. നമ്മുടെ പീറ്റർ അവൻറെ വീട്ടിൽ നിന്നു് കരയുന്നു. അവൻ എൻറെകൂടെ ഇങ്ങോട്ടു പോരാൻ ഭാവിച്ചു നില്ക്കുമ്പോൾ അവൻറെ അപ്പൻ റോബട്ട് അവനോടു നീ എന്തു തേങ്ങാ പഠിക്കാനാണു് പോകുന്നതു്? ഇവിടെ കുറച്ചു ജോലിയുണ്ടു് എന്നു പറഞ്ഞു് അവനെ അവിടെ പിടിച്ചു നിറുത്തിയിരിക്കുന്നു.

ഈ വർത്തമാനം അറിഞ്ഞപ്പോൾ അച്ചനും ക്ലാസിലുണ്ടായിരുന്ന കുട്ടികൾക്കും വലിയ സങ്കടം തോന്നി. അവക്കൊക്കെ വളരെ ഇഷ്ടപ്പെട്ട ഒരു നല്ല ദൈവഭക്തനായ കുട്ടിയായിരുന്നു പീറ്റർ. ഇവനു ഭക്തിക്കുതക്ക ബുദ്ധിയും ബുദ്ധിക്കൊത്ത പഠിപ്പുമുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളിൽ ഹാജരിനും, നല്ലനടത്തയ്ക്കും പഠിപ്പിനും ഒന്നാം സമ്മാനം കിട്ടിയിരുന്നതു് ഇവനാണു്. ക്ലാസിൽ വരാത്തപക്ഷം ഹാജരു

പലതും സാക്ഷാൽ അത്ഭുതങ്ങളാണെന്നു തെളിഞ്ഞിരിക്കുന്നു.

കുറഞ്ഞുപോകുമല്ലൊയെന്നും അങ്ങനെ കുറയുന്നപക്ഷം സമ്മാനം കിട്ടാതെ പോയേക്കുമെല്ലൊ എന്നും യേന്നാണ് അവൻ കരുതിയിരുന്നത്.

എന്നാൽ ഇപ്രകാരമുള്ള കരുതലിൽ കൊണ്ടൊന്നും മനസ്സിളകുന്ന ഒരാളല്ലായിരുന്നു റോബർട്ട്. മദ്യപാനംതുടങ്ങിയ നാൾതുടങ്ങി ഇയാൾ ദൈവവിശ്വാസമൊ ആത്മബോധമൊയില്ലാതെയാണ് ജീവിച്ചുവന്നിരുന്നത്. കുടിച്ചു മത്തനായിരിക്കുന്ന സമയത്തു് നിസ്സാര കുറ്റത്തിനുപോലും ഭാര്യയെ ശകാരിക്കയും പ്രഹരിക്കയും ചെയ്തിരുന്നു. ഭാര്യ ഇതിനെപ്പറ്റി പലപ്പോഴും നമ്മുടെ ജെയിംസച്ചന്റെ പക്കൽ ആവലാധി പറയാറുണ്ടു. അച്ചൻ വികാരിയെന്നനിലയിൽ ഈ മനുഷ്യനെ വിളിപ്പിച്ചു

മനസ്സുതിരിവിന്നായി വേലചെയ്യ, പരോപകാരപ്രദങ്ങളായ മഹൽ പ്രവൃത്തികൾ ചെയ്യ, പ്രസംഗിക്കുക, കുമ്പസാരിക്കുക, വൈദികസ്ഥാപനങ്ങൾ ഏറ്റെടുത്തുക മുതലായവയൊന്നും അത്ര ദുഷ്കരമായ കായ്ങ്ങളല്ല. എന്നാൽ അന്നന്നു ചെയ്യേണ്ടകൃത്യങ്ങളെ കണിശമായും സൂക്ഷ്മത്തോടുകൂടിയും ചെയ്യുന്നതും ചില്ലറ നിയമങ്ങളെയെല്ലാം തെറ്റാതെ അനുസരിക്കുന്നതും ഇന്ദ്രിയങ്ങളെ പൂർണ്ണമായി സ്വാധീനത്തിൽ വച്ചിരിക്കുന്നതും, ദൈവസന്നിധ്യത്തെ സ്മരിക്കുന്ന വിനയം ഒരുക്കം മുതലായ നടപടിവിശേഷങ്ങളെ ശീലിക്കുന്നതും, ആക്കം അസൂഖം തട്ടാത്തവിധത്തിൽ സംസാരിക്കുന്നതും അത്ര എളുപ്പമുള്ള സംഗതികളല്ല. ഇപ്പറഞ്ഞ തരത്തിലുള്ള ചെറിയ കായ്ങ്ങൾ അനുഷ്ഠിക്കുന്നതിനാലാണു നാം ദൈവത്തെ അധികം പ്രസാദിപ്പിക്കുകയും അവിടത്തെപ്പക്കൽ നിന്നു പ്രകൃത്യതീതങ്ങളായ അനുഗ്രഹങ്ങളെ കൂട്ടത്തലായി കൈക്കൊള്ളുകയും ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ ആ ചെറിയ പ്രവൃത്തികൾ ഒന്നിനൊന്നു തുടർന്നുള്ളവയും മനുഷ്യദൃഷ്ടിയിൽ നിസ്സാരങ്ങളായി തോന്നുന്നവയും തന്മൂലം പ്രോത്സാഹജനകമായ പ്രശംസകൾ ഉണ്ടാകാത്തവയും ആകയാൽ അവയെ അനുഷ്ഠിക്കുന്നതിനു അധികം ധൈര്യവും മനസ്ഥിരതയും ആവശ്യമുണ്ടു്.

(ഫാദർ ഫേബർ.)

വേണ്ട ഉപദേശം നൽകാറുമുണ്ടു്. എന്നാൽ ഇതുകൊണ്ടൊന്നും യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഇങ്ങിനെയിരിക്കുന്ന അവസ്ഥയിലാണ് മേൽപ്രസ്താവിച്ച സങ്കടവാർത്ത അറിയുന്നതു്. ഉപദേശംകൊണ്ടു

അവിശ്വാസികൾ പോലും ആ വസ്തുത സമ്മതിക്കുന്നു.

സാധിക്കാത്തതു പ്രാർത്ഥനകൊണ്ടു ഫലിപ്പിക്കേണമെന്നു് അദ്ദേഹം തീർച്ചയാക്കി.

അദ്ദേഹം കുട്ടികളോടിങ്ങിനെ പറഞ്ഞു. പ്രി. മക്കളെ നമുക്കു നമ്മുടെ പീറ്ററിന്റെ പിതാവിന്റെ മാനസാന്തരത്തിനു് ഇന്നു് പ്രത്യേകം അപേക്ഷിക്കണം. കുഞ്ഞുങ്ങളായ നിങ്ങളുടെ പ്രാർത്ഥന ദൈവം വേഗം കൈക്കൊള്ളും. അപ്രകാരം ചെയ്യുന്നതിനു കുട്ടികൾക്കും വലിയ സന്തോഷമായിരുന്നു. അന്നു് വേദപാഠശേഷം ശുദ്ധമാന കുമ്പാനയുടെ സന്നിധിയിൽപോയി മുട്ടുകുത്തി കൈകൾ കൂപ്പിപിടിച്ചുകൊണ്ടു് വലിയ ഭയഭക്തിവിശ്വാസത്തോടുകൂടെ ജെയിംസച്ചൻ ചൊല്ലികൊടുത്ത ഈ ജപം അവർ ചൊല്ലി: "ദയനിറഞ്ഞ ഈശോ അങ്ങേ പ്രിയ മാതാവിനെ ഓർത്തു് ഞങ്ങളുടെ പീറ്ററിന്റെ പിതാവു് നൽവഴിക്കു തിരിയുന്നതിനു വേണ്ട അനുഗ്രഹം അയാൾക്കു നൽകേണമേ." പ്രാർത്ഥനാശേഷം കുട്ടികൾ അവരുടെ ഭവനങ്ങളിലേക്കു് മടങ്ങുകയും ചെയ്തു.

ഈ പ്രാർത്ഥനയുടെ ഫലമനുഭവിക്കുന്നതിനു് അവർ അധിക ദിവസം കാത്തിരിക്കേണ്ടിവന്നില്ല. പ്രാർത്ഥന നടത്തിയതിന്റെ ആറാം ദിവസം അർദ്ധരാത്രി റോബർട്ടു് ഉറങ്ങിക്കിടക്കയിൽ ആരൊ അയാളുടെ ചെവിയിൽ എന്തൊ മന്ത്രിച്ചപോലെ അയാൾക്കുതോന്നി. അയാൾ പെട്ടന്നുണർന്നു. അപ്പോളാണു് അയാൾക്കു സംഗതി ഓർമ്മവന്നതു്. വേഗം എഴുന്നേറ്റു പുറത്തിറങ്ങി നോക്കിയപ്പോൾ നിലാവു് അസ്സലായിരിക്കുന്നു. ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനു് പറ്റിയ സമയമെന്നു കരുതി അകത്തുകടന്നു ഉറങ്ങിക്കിടന്ന പീറ്ററിനെ പതുക്കെ കൊട്ടിഉണർത്തി തന്നോടുകൂടെ അല്പംദൂരം ഒരു സ്ഥലത്തേക്കു പോകേണമെന്നു പറഞ്ഞു. ഉറക്കപ്പിച്ചും ക്ഷീണവും കുളിരുംനിമിത്തം അപ്രകാരം ചെയ്യുന്നതു് ആ കുട്ടിക്കു വലിയ പ്രയാസമായിതോന്നിയെങ്കിലും മടികാണിച്ചാൽ തന്റെ പിതാവിന്നു് തന്നോടു വെറുപ്പുതോന്നിയെങ്കിലൊ എന്നു ഭയന്നു അവൻ എഴുന്നേറ്റു അപ്പന്റെ പിന്നാലെ നടന്നുതുടങ്ങി. പത്തു മിനിട്ടു നടന്നപ്പോൾ അവർ ഒരു ആൾപാർപ്പില്ലാത്ത വീടിന്റെ പിന്നിലെത്തി. ഇതായിരുന്നു റോബർട്ടുദ്ദേശിച്ചിരുന്ന സ്ഥലം. അവിടെ എത്തിയ ഉടനെ നാലുദിക്കിലേക്കും നോക്കിയശേഷം മകനോടുതന്നെ ആരെങ്കിലും കാണുന്നോയെന്നു് നോക്കിക്കൊള്ളുണമെന്നു് പതുക്കെ പറഞ്ഞശേഷം അടുത്തുനിന്നിരുന്ന ഒരു കേരവൃക്ഷത്തിൽ വേഗം തത്തിപ്പിടിച്ചു

കൂടുതൽ ഉദ്ദേശശക്തി പ്രത്യേകം പ്രകാശിച്ചുകാണുന്നു.

കയറിതുടങ്ങി. ഇപ്പോൾ മാത്രമാണ് പീറ്ററിനു അപ്പന്റെ ഉദ്ദേശം മനസ്സിലായതു്. താനും ഈ ദുഷ്പ്രവൃത്തിയിൽ പങ്കുചേരേണ്ടതായി വന്നല്ലൊ എന്നോർത്തു വ്യസനിച്ചു നില്ക്കുമ്പോൾ അവനു പെട്ടന്നൊരു സംഗതി ഓർമ്മവന്നു. ഉടനെ അവൻ മന്ദസ്വരത്തിൽ "അപ്പാ കാണുന്നോ കാണുന്നോ" എന്നു വിളിച്ചു പറഞ്ഞു. ഈ സ്വരം കേട്ടമാത്രയിൽ വൃക്ഷത്തിന്റെ അഗ്രത്തെത്താറായിരുന്ന ആ മനുഷ്യൻ ശീഘ്രം താഴെവന്നു കൊണ്ടു ആരാണ് കാണുന്നതെന്നു ചോദിച്ചു. അതിനുത്തരമായി ആ കുട്ടി "ദൈവം" എന്നുമാത്രം പറഞ്ഞു. ഈ വാക്കുകേട്ടപ്പോൾ ഒരു ദിവ്യാസ്ത്രമേറ്റാലെന്നപോലുള്ള മനോപീഡ അയാൾക്കുണ്ടായി. ഈ തത്പരനമ്മുടെ ജെറുസലേമിൽനിന്നു വേദപാഠക്ലാസിൽവെച്ചു പീറ്റർ പഠിച്ച തന്നെന്നറിഞ്ഞപ്പോൾ അയാൾക്കുണ്ടായ ലജ്ജയും വ്യസനവും വിവരിക്കാവതല്ല. അപ്പോൾതന്നെ മകനൊരുമിച്ചു അയാൾ ജെയിംസച്ചന്റെ താമസസ്ഥലത്തെത്തി അദ്ദേഹത്തെ കൊട്ടിഉണർത്തി വിവരമറിയിച്ചു. ആ രാത്രിയിൽതന്നെ പുണ്ണ്യമായി മനസ്സാപഛെട്ടു് നല്ലകുമ്പസാരം കഴിച്ചു. പിറ്റേദിവസം രാവിലെ ഭക്തിയോടുകൂടെ ശ്രീ. കുർബ്ബാനഉൾക്കൊണ്ടു. തന്റെ ശേഷിച്ച ആയുഷ്കാലം ഒരുത്തമ കത്തോലിക്കനായി ജീവിക്കുകയും ചെയ്തു. ഈ അതിശയനീയമായ മാനസാന്തരം ജെയിംസച്ചനും കൂട്ടികൾക്കും പ്രത്യേകിച്ചു പീറ്ററിനും അവന്റെ മാതാവിനും എന്നുമാത്രം സന്തോഷമുളവാക്കിയിട്ടുണ്ടെന്നു വായനക്കാർ ഊഹിച്ചുകൊള്ളട്ടെ.

അന്ദലൂസുലൊറേയിൽ രാജ്യക്കാരനായ കാനൻഡെൽസർ എന്നൊരു പ്രസിദ്ധ കത്തോലിക്കൻ ഇതിനിടെ കാലധർമ്മം പ്രാപിക്കയുണ്ടായി. അദ്ദേഹം മുപ്പതിലധികംകൊല്ലം ജെർമൻ പാർലമെണ്ടിലെ ഒരംഗവും രണ്ടു കൊല്ലത്തിലധികം രണ്ടു പ്രസിദ്ധ കത്തോലിക്കാ പത്രങ്ങളുടെ അധിപരുമായിരുന്നു. 1820 മുതൽ ലോവർറൈനിലെ പ്രാതിനിധ്യാഫ്രാഞ്ചുരാജ്യഭരണസഭയിൽ വഹിച്ചതും അദ്ദേഹംതന്നെയായിരുന്നു.

സ്വയോക്കപട്ടണത്തിലെ "ദരിദ്രന്മാരുടെ കുഞ്ഞുസഹോദരികൾ" തങ്ങളുടെ സംരക്ഷണയിലുള്ള സാധുക്കൾക്കുവേണ്ടി കമ്പിയില്ലാക്കമ്പിമൂലം ഭിക്ഷയാചിച്ചുവരുന്നു. ഒരു ക്ലിപ്തസമയത്ത് എന്നും ഇവരുടെ സന്ദേശങ്ങൾക്കു മാത്രമായി സമയം നിശ്ചയിച്ചിട്ടുണ്ട്. കമ്പിമൂലം അവർ ചെയ്യുന്ന അപേക്ഷകളെ അനുകൂലമായി സ്വീകരിച്ച് അവക്കു പലതും ധർമ്മമയച്ചുകൊടുക്കുന്നുണ്ടെന്നു കാണുന്നു.

അതു ദൈവം തന്റേതായി സ്വീകരിക്കുന്നസ്ഥലമാണ്.

ക്രീസ്തുമാർഗ്ഗപ്രദീപം.

(പ്രഹസനം.)

(തുടർച്ച)

(ശ്രീമാൻ പെരുന്നായിൽ കെ. എ. സെബാസ്ത്യൻ.)

(സോമശർമ്മനെ അനേഷിച്ചു ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ:— ഗീതം—തുക്കടെവൃരെത്രപരിതുതാനോ എന്ന മട്ടു്.

നാടെല്ലാം നടന്നയ്യോ! ജഗദീശാ! ഞാനും-
പാരംവലയുന്നിതാ! പരമേശ!
ദീനനായ് വഴിനീളെ അലയുന്നോരെന്റെ
ആലസ്യം പെരുകുന്നു ജഗദീശാ!
ഞാനിനിയെവിടയ്യോ തിരയേണാ? യജ-
മാനനെയെന്നു കാണാൻ വിധിയില്ലേ?
ധീരനാം സോമശർമ്മനെവിടേയ്ക്കായ് ഹന്ത-
പോയതെന്നറിയുള്ളോരിവിടുണ്ടോ?

ദൈവമേ! ഞാനിനി എവിടേയ്ക്കാണു പോകേണ്ടതു? കുമാരനേ കാണാതെ ഞാൻക്കൂടി തിരിച്ചു ചെന്നാൽ യജമാനന്റെ സ്ഥിതി എന്തായിരിക്കും? എന്റെ ശ്രമം കൂടി വിഫലമായെന്നു കണ്ടാൽ അദ്ദേഹത്തിന്റെ ആലസ്യം വർദ്ധിക്കുന്നതിനും തന്നിമിത്തം വലിയ അപകടങ്ങൾക്കുകൂടിയും ഇടയുണ്ടു്. അതിനാൽ കുമാരനെ കാണുന്നതുവരെ അനേഷിക്കുകതന്നെ. കണ്ടുകിട്ടാത്തപക്ഷം ഞാനും തിരിയെ പോകുന്നില്ല. (അനന്തരം രണ്ടു വിദ്യാർത്ഥികൾ പ്രവേശിക്കുന്നു)

ഒന്നാമൻ:— അയാളുടെ വാക്കു് മാതൃയും മഹാകേമംതന്നെ. ആരെയും നേരിട്ടു കണ്ടാലുടൻ വശീകരിക്കത്തക്കവണ്ണം മുഖത്തു സദാ ഒരു ദിവ്യതേജസ്സു് വിളങ്ങിക്കൊണ്ടതന്നെ ഇരിക്കുന്നു.

രണ്ടാമൻ:— ഹേ! നിങ്ങൾ വേറെ ഒരു വിശേഷം അറിഞ്ഞോ?

ഒന്നാമൻ:— ഇല്ലില്ല! എന്താണു്.

മതം, മനുഷ്യനും ദൈവവുമായുള്ള സംബന്ധമാണു്.

രണ്ടാമൻ:— നമ്മുടെ നീലകണ്ഠദീക്ഷിതസ്വാമി അവർകൾ ഇപ്പോൾ തന്നെ ആ ഉപദേശിയെ വാദത്തിൽ തോല്പിച്ചു തന്റെ അടിപണിയിച്ചേക്കാം എന്നു പറഞ്ഞുകൊണ്ടു തക്കത്തിനായി ചെന്നു.

ഒന്നാമൻ:— എന്നിട്ടോ?

രണ്ടാമൻ:— എന്തിനധികം പറയുന്നു. തർക്കം ആരംഭിച്ചു അരമണിക്കൂറിനകം സ്വാമി ഹിന്ദുമതം ഉപേക്ഷിച്ചു ക്രീസ്തുവേദത്തിൽ ചേർന്നുകഴിഞ്ഞു. സ്വാമിയുടെ ബന്ധുക്കളും സ്നേഹിതന്മാരും എല്ലാം ചെന്നു കാലുപിടിച്ചുപറഞ്ഞിട്ടും അദ്ദേഹം ക്രീസ്തുമതത്തെ ഉപേക്ഷിപ്പാൻതയാറില്ലപോൽ.

ഒന്നാമൻ:— അയാൾ എവിടുത്തുകാരനാണ്?

രണ്ടാമൻ:— എവിടുത്തുകാരനോ. ആൾ മിടുമിടുക്കൻതന്നെ.

ഭൃത്യൻ:— (ആത്മഗതം) ഈ കുട്ടികൾ പറയുന്നതു ആരെ സംബന്ധിച്ചായിരിക്കും. ഏതോ ഒരു ക്രീസ്ത്യൻ ഉപദേശിയെ കുറിച്ചാണെന്നാണല്ലോ തോന്നുന്നതു്. കുമാരൻ ചേർന്നതും ക്രീസ്തുമതത്തിലായിരുന്നല്ലോ. എതായാലും ഇവരോടൊന്നു ചോദിച്ചുനോക്കുകതന്നെ. (വിദ്യാർത്ഥികളുടെ അടുത്തുചെന്നു) ഹേ! കുഞ്ഞുങ്ങളേ! നിങ്ങളിപറയുന്നതു ആരെ സംബന്ധിച്ചാണ്?

ഒന്നാമൻ:— ഈയിട ഒരു ഉപദേശി ഇവിടെ വന്നു ഹിന്ദുക്കളെ എല്ലാം ക്രീസ്തുമതത്തിൽ ചേർക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചാണ് വറഞ്ഞതു്.

ഭൃത്യൻ:— ആകട്ടെ! അദ്ദേഹത്തെ ഒന്നു കാണിച്ചു തരാമോ?

ഒന്നാമൻ:— ഓഹോ! ഞങ്ങളുടെ കൂടെ വരിക. ഞങ്ങൾ അയാളുടെ അടുക്കലേയ്ക്കു പോകുകയാണ്.

ഭൃത്യൻ:— എന്നാൽ അങ്ങനെതന്നെ (എല്ലാവരും പോയി)

മൂന്നാംരാഗം സമാപ്തം. (തുടരും)

൪

സ്വയിനിലെ കത്തോലിക്കർ, ആ നാട്ടിൽ ദൈവദൂഷണം പറയുന്ന ദുരാചാരം ഇല്ലായ്മ ചെയ്വാൻ തീഷ്ണതയോടെ ശ്രമിച്ചുവരുന്നു. ഈയിടമൻറേസാ പട്ടണത്തിൽ ഒരാൾ മൂന്നുവനും ഇതിലേയ്ക്കായി വിനിയോഗിച്ചു.

ആ സംബന്ധം മനുഷ്യനു പ്രകൃത്യാ സിദ്ധിച്ചിട്ടുള്ളതുമാണ്.

ഒരു ആപൽമോചനം.

(ശ്രീമാൻ കെ. എം. ജോസഫ്, തൊട്ടുപുഴ.)

I

ക്ഷീരപുരിയിൽക്കൂടി കിഴക്കുപടിഞ്ഞാറായി നെടുനീളെ കിടക്കുന്ന പ
ബ്ലിക്കു റോട്ടിൽക്കൂടി ഏകദേശം രണ്ടുനാഴിക കിഴക്കോട്ടുപോയാൽ കുലീ
നതകൊണ്ടും ധനസമൃദ്ധികൊണ്ടും പ്രസിദ്ധപ്പെട്ട ചാവേലിൽ എന്ന
ഒരു പുരാതന കുടുംബം കാണാം. ഈ കഥ നടക്കുന്നകാലത്തു് ഇതി
ലെ നായകൻ നാല്പതുവയസ്സു് പ്രായംവരുന്ന മാത്തച്ചൻ എന്നൊരാ
ളാണു്. ഇദ്ദേഹം ഉദാരശീലനും പരോപകാരതല്പരനും ജനസമ്മതനു
മുള്ളവനും ആയിരുന്നതിനാൽ ഇദ്ദേഹത്തിന്റെ സഹായം ലഭിക്കാത്ത
വരായി ക്ഷീരപുരി നിവാസികളിൽ അധികംപേർ ഉണ്ടായിരുന്നില്ല. സാ
ധാരണയായുണ്ടാകുന്ന കേസുകളും വഴക്കുകളും പോലീസിന്റെ സഹാ
യം കൂടാതെ ഇദ്ദേഹംതന്നെ തീർത്തുവന്നിരുന്നതിനാൽ ജനപ്രമാണി
എന്നു മാത്തച്ചനെക്കുറിച്ചു് ചിലർ പറഞ്ഞിരുന്നു.

ഇദ്ദേഹം വിവാഹം കഴിച്ചിരുന്നതു് എല്ലാംകൊണ്ടും തന്നെക്കാൾ
മുന്നണിയിൽ സ്ഥിതിചെയ്തിരുന്ന ഒരു മാന്യ നാട്ടുവൈദ്യന്റെ മകൾ,
ഏലിയാമ്മ എന്ന തനിക്കനുരൂപയായ ഒരു തരുണിമണിയെ ആയിരുന്നു.
ഇവർ ഇരുവരും പരസ്പരവിശ്വാസത്തോടും നിസ്തുല്യമായ പ്രേമത്തോടും
കൂടി ദാമ്പത്യജീവിതം പരിപാവനമാക്കി വന്നതിന്റെ ഫലമായി ഒരു
സന്താനവല്ലിയെ ഏലിയാമ്മയ്ക്കു ലഭിച്ചു. ഈ പുതുനപ്പൂ നമ്മുടെ
കഥാപുരുഷനായ ചാവേലിൽ ലോനച്ചൻ. ലോനച്ചൻ എല്ലാവരുടേ
യും വിശിഷ്യ, മാതാപിതാക്കന്മാരുടേയും കണ്ണിലുണ്ണിയായി വളർന്നു ആ
വീടിനെ സ്വർഗ്ഗതുല്യമാക്കിത്തീർത്തുവന്നു. അഞ്ചുവയസ്സായപ്പോഴേക്കു്
ഏലിയാമ്മയ്ക്കു, മോനിക്കുട്ടി, തങ്കമ്മ എന്നീ രണ്ടു പെൺകുട്ടികൾകൂടിയ
ഥാകാലം ഉണ്ടായി. ഭക്തരായ ആ മാതാപിതാക്കൾ ഈ ബാലവല്ലിക
ളിൽ മുലപ്പാലോടുകൂടിത്തന്നെ ഭക്തിയും അങ്കുരിപ്പിച്ചിരുന്നു. അഞ്ചും
മൂന്നും ഒന്നും വയസ്സുവീതം പ്രായമുണ്ടായിരുന്ന ഈ ത്രീദളപുഷ്പം ഒന്നി
നൊന്നു വികസിച്ചു് അതിന്റെ പരിമളധോരണി നാട്ടാർ ആകെ ആ
സ്വദിച്ചുവരുമ്പോഴേക്കു ഇതാ പെട്ടെന്നു് അതിൽ ഒരു വാടി നിലത്തു വീഴാൻ ആ

മതം വേണ്ടെന്നു വയ്ക്കാൻ മനുഷ്യനു അവകാശമില്ല.

രംഭിക്കുന്നു. ചാവേലിൽ മാത്തച്ചനും, ഏലിയാമ്മയും കണ്ണീരും കയ്യുമായി, ശക്തിയായ പനിയാൽ മയങ്ങി ബോധരഹിതനായി കിടക്കുന്ന ലോനച്ചന്റെ അടുക്കൽ സ്ഥിതിചെയ്യുന്നു. മൂന്നുവയസ്സുള്ള മോനിക്കുട്ടി, "ഇച്ചാച്ചാ എഴുന്നേറ്റുവാ; നമുക്കു കളിക്കാൻപോകാം" എന്നുപറഞ്ഞു വിളിക്കുന്നു. ഒരു വയസ്സുള്ള തങ്കമ്മ ഏലിയാമ്മയുടെ കരങ്ങളിൽ ഇരുന്നുകൊണ്ട് ഈ ബഹളങ്ങളെല്ലാം കാണുന്നു. ബന്ധുക്കളും സ്നേഹിതന്മാരും ഭിഷഗ്വരന്മാരെ മാറി മാറി വരുത്തുന്നു. പണപ്പെട്ടിയെക്കുറിച്ച് ലവലേശംപോലും പിടിതപം വിചാരിക്കേണ്ട, ഏതു ഡാക്ടരേയും വരുത്തണം എന്നു മാത്തച്ചനും ഇടക്കിടക്ക് വ്യസനത്തോടുകൂടി പറയുന്നു. ഇതൊക്കെയായിട്ടും ലോനച്ചന്റെ സുഖക്കേടിനു യാതൊരു ശമനവും കാണുന്നില്ല. ഇനി പരലോക വൈദ്യനെത്തന്നെ ശരണം പ്രാപിക്കാമെന്നു കരുതി തന്റെ പുത്രൻ സുഖപ്പെടുന്നപക്ഷം സന്യാസജീവിതം നയിച്ച് മ്ശിഹായുടെ പ്രേഷകനായിത്തീരുന്നതിൽ വേണ്ട സഹായ സഹകരണങ്ങൾ ചെയ്തുകൊടുത്തുകൊള്ളാമെന്നു ഈശോയുടെ തിരുഹൃദയത്തോടു വാഗ്ദത്തം ചെയ്തുകൊണ്ട് ഈശോയുടെ തിരുഹൃദയത്തിനു അവനെ മുഴുവനും പ്രതിഷ്ഠിച്ചു. ഒ! അത്ഭുതം! ആ നിമിഷം മുതൽ പൈതലിന്റെ നിഷ്കളങ്കവദനത്തിൽ അസാമാന്യമായ ഒരു ശോഭ ഉണ്ടായി. കൈകാലുകൾ എടുത്തു അനക്കി, "അമ്മേ! ദാഹിക്കുന്നു" എന്നു പറയുന്നു. ഈ വചനം പുത്രന്റെ മുഖത്തുനിന്നും കണ്ണിമക്കാതെ നോക്കിയിരുന്ന ലോനച്ചനേയും ഏലിയാമ്മയേയും എത്രകണ്ട് ആഹ്ലാദഭരിതരാക്കിയെന്നു ഊഹിച്ചുകൊൾക. ഒരു പതിനഞ്ചുദിവസം ആയപ്പോഴേക്കു ലോനച്ചന്റെ സുഖക്കേടു നിശ്ശേഷം നീങ്ങി. ദേഹരക്ഷനിമിത്തം ശരീരാരോഗ്യവും പെട്ടന്നുതന്നെ ലഭിച്ചു.

ഇങ്ങിനെ ചാവേലിൽ കുടുംബത്തിൽ അണയാൻപോയിരുന്ന ആ ചെറുദീപം ഇതാ ഇരട്ടി തേജസ്സോടുകൂടി പ്രശോഭിക്കുന്നു. മദ്ധ്യവേനൽ അവധി കഴിഞ്ഞു സ്കൂളും തുറന്നു. പ്രാഥമിക വിദ്യാഭ്യാസാർത്ഥം ലോനച്ചനെ സ്കൂളിൽ അയച്ചു. പഠിതപത്തിലുള്ള സാമർത്ഥ്യത്താലും സ്വഭാവമാധുര്യത്താലും ലോനച്ചൻ വാദ്ധ്യാന്മാരുടേയും സഹപാഠികളുടേയും കണ്ണിലുണ്ണിയായിരുന്നു. പത്താമത്തെ വയസ്സിൽ പ്രാഥമിക വിദ്യാഭ്യാസാനന്തരം സ്ഥലം ഇംഗ്ലീഷ് ഹൈസ്കൂളിൽചേർത്തു പഠിപ്പിച്ചു. അവൻ അവിടെയും പഠിനത്തിൽ വളരെ മിടുക്കനായി പ്രശോഭിച്ചു. വാദ്ധ്യാ

മനുഷ്യൻ മതം അനുഷ്ഠിക്കാൻ നിർബന്ധപ്പെട്ടവനാണ്.

ന്മാർ ഒരിക്കൽ പറഞ്ഞുകൊടുത്തതിനെ വീണ്ടും ഒന്നുകൂടി ആവർത്തിക്കുപോലും ചെയ്യുണ്ടായിരുന്നു. പഠിനകാര്യങ്ങളിൽ എന്നപോലെ പുണ്യകാര്യങ്ങളിലും അസാമാന്യമായ ശ്രദ്ധാനിധി പ്രകടിപ്പിച്ചു വന്നിരുന്നതിനാൽ ഇടവകപ്പള്ളിയിലെ ബ. വികാരിഅച്ചനും ഇവന്റെമേൽ പ്രത്യേക വാത്സല്യം കാണിച്ചുവന്നിരുന്നു. ലോനച്ചനും ഈ ബ. അച്ചനോടു അതിരറ്റ സ്നേഹവും ഭക്തിയും ഉണ്ടായിരുന്നു. ചില അവസരങ്ങളിൽ അമ്മയോടു്, ബ. അച്ചന്മാരെക്കുറിച്ചും അവരുടെ ജീവിതമാഹാത്മ്യത്തെക്കുറിച്ചും ചോദിക്കാറുണ്ടായിരുന്നതിനെ ഏലിയാമ്മ പ്രത്യേകം സൂക്ഷിക്കാതിരുന്നില്ല.

II

ഒരിക്കൽ കുടുംബാംഗങ്ങളെല്ലാവരുംകൂടി പ്രാർത്ഥന കഴിഞ്ഞൊരുമിച്ചിരിക്കെ ജ്ഞാനവായനക്കായിട്ടു് ലോനച്ചൻ വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ ചരിത്രം എടുത്തു് മിശിഹായുടെ പ്രേഷകയായിത്തീരുന്നതിനുള്ള തന്റെ ആഗ്രഹത്തെ ആ പുണ്യവതി വിവരിച്ചിരുന്ന ഒരു ഭാഗമെടുത്തു് വായിച്ചു. അപ്പോൾ കുട്ടിയുടെ മുഖത്തു് അസാമാന്യമായ ഒരു തേജസ്സു് കളിയാടുന്നതായി മാത്തച്ചൻ കണ്ടു. "എന്താ ലോനച്ചാ! നിനക്കും വി. കൊച്ചുത്രേസ്യായെ അനുകരിച്ചാൽ കൊള്ളാമെന്നുണ്ടു്, ഇല്ലേ," എന്നു ചോദിച്ചതിനു് ഒരു പുഞ്ചിരിമാത്രം ആയിരുന്നു ലോനച്ചനിൽനിന്നു കിട്ടിയ മറുപടി. അനന്തരം മാത്തച്ചൻ, ലോനച്ചനു് പിടിപെട്ടിരുന്ന കഠിന ദീനത്തേക്കുറിച്ചും തദവസരത്തിൽ താൻ നേർന്നിരുന്ന നേർച്ചയേപ്പറ്റിയും മറ്റും സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. ലോനച്ചൻ സന്തോഷസാഗരത്തിൽ നിമഗ്നനായിത്തീർന്നു. വളരെ നാളായി തന്റെ മനസ്സിൽ കുടികൊണ്ടിരുന്ന ആഗ്രഹത്തിനു് അനുരൂപമായ ഒരു വാർത്തയാണിതെന്നും, തനിക്കു് സന്യാസം സ്വീകരിച്ചു് ദൈവത്തിന്റെ പ്രേഷകനായിത്തീരണമെന്നുള്ള ആഗ്രഹമുണ്ടെന്നും തുറന്നു പറകയും ചെയ്തു. മേരിക്കുട്ടിയും തങ്കമ്മയും ഈ അവസരത്തിൽ സ്ഥലത്തുള്ള ഒരു കന്യകാമഠത്തിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തികരിച്ചിരുന്നു. ഇവരും ലോനച്ചനെപ്പോലെ പഠിതാക്കളിൽ വിദഗ്ധകളും കന്യാസ്ത്രികളുടെ പ്രേമപാത്രങ്ങളും ആയിരുന്നു. വേദോപദേശസമയത്തു് കന്യാസ്ത്രികൾ, വി. കൊച്ചുത്രേസ്യായെക്കുറിച്ചു് പറഞ്ഞിരുന്നതിനെ മേരിക്കുട്ടിയുടേയും തങ്കമ്മയുടേയും ഹൃദയവേദികളിൽ ചില വികാരഭേദങ്ങളെ

ദൈവത്തെ ആരാധിക്കേണ്ട വിധം ദൈവം നിശ്ചയിക്കുന്നു.

ഉണ്ടാക്കാതിരുന്നില്ല. മേൽ പറയപ്പെട്ട സംഭാഷണത്തിൽ ഇവർ വെറും മൌനികളായിരുന്നില്ല. കിട്ടിയ അവസരം ഉചിതമെന്നു കരുതി സന്ന്യാസജീവിതം കഴിക്കുന്നതിലുള്ള ആഗ്രഹത്തെ തുറന്നു പറഞ്ഞു. അനന്തരം എല്ലാവരും കൂടി ഓരോന്നു പറഞ്ഞിരുന്നതിന്റെ ശേഷം അത്താഴം കഴിഞ്ഞു് അവരവരുടെ ശയ്യാതലങ്ങളെ പ്രാപിച്ചു.

കുട്ടികളെല്ലാവരും മുറക്കു് സ്കൂളിൽ പോകുന്നു. അഭ്യസിയിൽ ഒരു പ്രാവശ്യമെങ്കിലും പള്ളിയിൽ പോകുക, പാപനിവേദനം കഴിക്കുക, ദിവ്യകാരുണ്യം സ്വീകരിക്കുക, മുതലായവ നമ്മുടെ കുട്ടികളുടെ പ്രധാന ചടങ്ങുകളായി അവർ കരുതിയിരുന്നു. ഇങ്ങനെ ഇരിക്കവേ ലോനപ്പൻ തന്റെ പതിനാറാമത്തെ വയസ്സിൽതന്നെ മട്രിക്കുലേഷൻ പരീക്ഷയിൽ ആദ്യംകൊല്ലം തന്നെ ഒന്നാമനായി പാസായി സ്കോളഷീപ്പിനവകാശിയായിത്തീരുകയും ചെയ്തു. മട്രിക്കുലേഷൻ പരീക്ഷാവിജയി ആയ ലോനപ്പനെ ഉന്നത വിദ്യാഭ്യാസത്തിനു ദൂരദേശങ്ങളിലേക്കു് അയക്കേണ്ടതുണ്ടായി. പന്ത്രണ്ടു വയസ്സുമാത്രം പ്രായം ഉണ്ടായിരുന്ന ഈ കുട്ടിയെ ദൂരദേശങ്ങളിൽ അയച്ചു പഠിപ്പിക്കുന്നതിനു മാതാപിതാക്കന്മാർക്കു് അല്പം വൈമനസ്യം ഉണ്ടായെങ്കിലും, കുട്ടിയുടെ ദൈവഭക്തിയും കാര്യശേഷിയും സ്ഥിരതയും അവരെ ഇതിൽനിന്നും വിരമിപ്പിച്ചു് വിശ്വസ്തരായ കൂട്ടുകാരോടു കൂടിച്ചു് നാഗർകോവിൽ എഫ്സിക്കാസിൽ പഠിക്കാൻ അയയ്ക്കുന്നതിനുതന്നെ നിശ്ചയിച്ചു. വേണ്ടകാര്യങ്ങളോടുകൂടി ലോനപ്പൻ തന്റെ സ്നേഹമാതാപിതാക്കന്മാരുടെ ആശിസ്സും ശ്ലേഷണ ദിവ്യഉപദേശങ്ങളും വാങ്ങി കണ്ണുനീരോടുകൂടി യാത്രപറഞ്ഞു. മോനിക്കുട്ടിയും തങ്കമ്മയും, "ഇച്ചായൻ ഞങ്ങളെ സദാ ഓർത്തുകൊള്ളണം" മെന്നും പറഞ്ഞു് വിചിത്രമായ ഉറയോടുകൂടിയ ഒരു വാച്ചും സമ്മാനിച്ചു് സങ്കടത്തോടെ യാത്രപറഞ്ഞയച്ചു.

പാവേലിൽ ലോനപ്പൻ ഇതാ ഇന്റർമീഡിയറു ക്ലാസ്സിൽ കെങ്കേമനായി പഠിച്ചുവരുന്നു. പ്രിൻസിപ്പാൾ പ്രൊഫസറന്മാർ ആദിയായവരുടെ പ്രേമഭാജനമായി വിളങ്ങിയിരുന്നതിൽ അതിശയിക്കാനൊന്നുമില്ലല്ലോ. ലൗകീകപരീക്ഷകളിൽ എന്നപോലെ ആത്മീയ പരീക്ഷകളിലും വിജയംനേടിയിരുന്ന ലോനപ്പൻ ക്രമേണക്രമേണ എഴുത്തുകളും വീട്ടിലേക്കു അയച്ചിരുന്നു. അതിൽ ചില ക്ഷേമസംവർദ്ധകമായഭാഗങ്ങളുണ്ടായിരുന്നതിനെ മേരിക്കുട്ടിയും തങ്കമ്മയും ഒരുനൂറുപ്രാവശ്യം വായിച്ചുനോ

ആ വിധം ആരാധിക്കാൻ മനുഷ്യനു മുമതലയുണ്ടു്.

ന്നിക്കും. ക്രസ്തുമസ്സ് വെക്കേഷനും മിഡ്സമ്മർ വെക്കേഷനും മാത്രമെ ലോനച്ചൻ വീട്ടിൽ വന്നിരുന്നൊള്ളൂ. രണ്ടുകൊല്ലംകൊണ്ട് ഇന്റർ മീഡിയറും പരീക്ഷാബിരുദും താൻ നിഷ്പ്രയാസം കൈക്കലാക്കി. ഇനിയും ലോനച്ചനു് വേറെ വല്ലയിടത്തും പോയി ബി. എ.-ക്കു് പഠിച്ചാൽ കൊള്ളാമെന്നാശയുണ്ടു്. നാഗർകോവിൽ തീരെ സുഖം ഉണ്ടായിരുന്നില്ല. മദ്രാസിനുതന്നെ പോകണമെന്നു് എല്ലാവരും കൂടി നിശ്ചയിച്ചു് ഒരുങ്ങിക്കഴിഞ്ഞു. ഈ ഘട്ടത്തിൽ മാത്തച്ചൻ മുതൽപേക്കു് അസാമാന്യമായ വ്യസനം ഉണ്ടായിരുന്നു എങ്കിലും അവനെ മുഴുവനും ദൈവത്തിനു

> ക്രീസ്തീയ പരസ്നേഹത്തിന്റെ അടിസ്ഥാനം ദൈസ്നേഹമാകുന്നു. നമ്മൾ ദൈവത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ, ദൈവം സ്നേഹിക്കുന്നവരേയും നമ്മൾ സ്നേഹിക്കണം. തന്റെ സൃഷ്ടികളായ മനുഷ്യരെല്ലാവരേയും, നല്ലവരെയും ചീത്തവരെയും, ദൈവം അനന്തമായി സ്നേഹിക്കുന്നുണ്ടു്. 'നിങ്ങൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ മക്കളാണല്ലൊ. അവിടുന്നു തന്റെ സൂര്യനെ നല്ലവരുടെമേലും ചീത്തവരുടെമേലും പ്രകാശിപ്പിക്കുന്നു.' അതുകൊണ്ടാണു, 'ഞാൻ ദൈത്തെ സ്നേഹിക്കുന്നുണ്ടെന്നു പറയുകയും, എന്നാൽ തന്റെ സഹോദരനെ ദ്വേഷിക്കയും ചെയ്യുന്നവൻ നുണയനാണു' എന്നു വി. യോഹന്നാൻ പറയുന്നതു്.

കൊടുത്തിരിക്കുന്നുവെന്നും ദൈവത്തെ മാത്രം എപ്പോഴും അഭയം പ്രാപിച്ചുകൊള്ളണമെന്നുമുള്ള ഏകഉപദേശത്തോടെ യാത്രയാക്കി. ഈ തവണ ലോനച്ചനും പറഞ്ഞറിയിക്കാൻ പാടില്ലാത്ത ദുഃഖമുണ്ടായി എങ്കിലും അതെല്ലാം അടക്കി മദ്രാസ്സിനു പോകയും ചെയ്തു. അവിടെചെന്നു് വിവരത്തിനു ഒരു എഴുത്തും തന്റെ ഒരു പടവും കൂടി വീട്ടിലേക്കു് അയച്ചുകൊടുത്തു ഈ അവസരത്തിൽ തങ്കമ്മയ്ക്കു് നല്ല സുഖം ഇല്ലാതിരുന്നതിനാൽ അവൾ പരിത്താം നിറുത്തുകയും മേരിക്കുട്ടി അധികം ദൂരത്തിലല്ലാതിരുന്ന കന്യകാമഠത്തിൽ മട്രിക്കുലേഷൻ പരീക്ഷയിൽ പാസാകുകയും ചെയ്തിരുന്നു ലോനച്ചൻ പോയതിൽഉള്ള വ്യസനംകൊണ്ടും തങ്കമ്മക്കു് സുഖം ഇല്ലാതിരുന്നതുകൊണ്ടും മേരിക്കുട്ടിയെ തൽക്കാലം ഉപരി വിദ്യാഭ്യാസത്തിനായി ദൂര ദേശങ്ങളിലെങ്ങും അയച്ചില്ല.

സൂര്യനാൽ ചന്ദ്രനെന്നപോലെ ലോനാഛനാൽ പ്രശോഭിച്ചിരുന്ന ചാവേലിൽ കുടുംബത്തിലെ ചന്ദ്രബിംബങ്ങളെല്ലാം ഇതാ മങ്ങിയിരുന്നു. കുടുംബാംഗങ്ങളെല്ലാം ദുഃഖസാഗരത്തിൽ നീന്തുന്നു. മാസം രണ്ടായി എഴുത്തുകൾ വരുന്നില്ല; രജിസ്റ്റർകത്തയക്കുന്നു. മറുപടിയില്ല; കമ്പി അടിക്കുന്നു; മറുകമ്പിയില്ല. ഈ വിധം ഒരു മാസംകൂടി കഴിച്ചു വരവെ ലോനാഛന്റെ ഒരു രജിസ്റ്റർകത്തു മാത്തച്ഛനുകിട്ടി. സസന്തോഷം എഴുത്തുപൊട്ടിച്ചു. ആദ്യം "സിങ്കപ്പൂർ" എന്നു കണ്ടതിനാൽ എല്ലാവരും വിസ്മയഭരിതരായി എഴുത്തു മുഴുവൻ വായിച്ചു. അതിലെ സാരം മാത്രം ഇവിടെ ഉദ്ധരിക്കുന്നു. ഇതിനുമുൻ അയച്ചകത്തു് താൻ മദ്രാസ്സിൽ എത്തിയ ഉടൻ അയച്ചതാണെന്നും, ഉടൻതന്നെ അങ്ങോട്ടു് കപ്പൽ കയറിയെന്നും, അങ്ങോട്ടു പോകണമെന്നായിരുന്നു തന്റെ ആഗ്രഹം എന്നും, ചോദിച്ചാൽ വിസമ്മതം പറയുമെന്നു് കരുതി ചോദിക്കാതിരുന്നതാണെന്നും, അതിനു ക്ഷമായാചനം ചെയ്യുന്നു എന്നും താൻ ശരിയായി പഠിക്കുകയും ദൈവത്തെ സ്നേഹിക്കയും ചെയ്യുന്നുണ്ടെന്നും, ഉടൻ തന്നെ കുറച്ചു രൂപകൂടി അയച്ചുകൊടുക്കണമെന്നും ആയിരുന്നു പ്രസ്തുത എഴുത്തു. ഇങ്ങിനെ ഇടക്കിടക്കു് എഴുത്തുകൾ വരികയും രൂപ അയച്ചു കൊടുക്കുകയും ചെയ്തു് വിവരങ്ങൾ അന്യോന്യം അറിഞ്ഞിരുന്നു. ദൂരദേശത്തിൽ ആയിരുന്നു എങ്കിലും ഭക്തിക്കു് യാതൊരു ഇടിവും വന്നില്ലാ എന്നു ലോനാഛന്റെ തൂലികതന്നെ വിളിച്ചു പറയുന്നുണ്ടു്.

ചാവേലിൽ ലോനാഛൻ ഇതാ ആദ്യകൊല്ലംതന്നെ ബി. എ. ബിരുദം കരസ്ഥമാക്കിയിരിക്കുന്നു. ഈ വാർത്ത വീട്ടുകാരെ പ്രഥമദൃഷ്ടിയിൽ അധികം സന്തോഷിപ്പിച്ചു എങ്കിലും ദൂരെ ആയിരുന്നതുകൊണ്ടും പോയതിൽ പിന്നീടു തിരിച്ചുവരാതിരുന്നതിനാലും സ്ഥിരമായ ഒരാനന്ദം കൊടുത്തില്ല. ലോനാഛൻ ഇപ്പോൾ ഒരു യൂറോപ്യന്റെ കീഴിൽ ഒരു നല്ല ശമ്പളത്തിൽ ജോലിചെയ്യുവരികയാണു്. മാത്തച്ഛനും ഏലിയാമ്മയും ഒരു വിധം കഴിച്ചുകൂട്ടുന്നു. മേരിക്കുട്ടിക്കും തങ്കമ്മക്കും പ്രായവുമായി. അവർ പണ്ടേതന്നെ സന്ന്യാസജീവിതത്തിൽ കൊരിച്ചിരിക്കുന്നവരുമാണല്ലൊ ലോനാഛൻകൂടി വന്നിട്ടുവേണം ഇവരുടെ കാര്യത്തിനു് നിവൃത്തി ഉണ്ടാക്കാൻ എന്നുകരുതീ മാത്തച്ഛനും ഏലിയാമ്മയും നാളുകളും ദീഘിപ്പിക്കുന്നു. ഏവ്വം ഏന്നും വയസ്സുവീതം പ്രായമുള്ള വനിതകൾ ഇരുവരും സന്മാർഗ്ഗത്തിലും ഭക്തിയിലും മര്യാദയിലും അടക്കമൊതുക്കത്തിലും മറ്റുള്ളവർക്കു് മാതൃകയായിജീവിക്കുന്നു.

അതിനാൽ സാക്ഷാലുള്ള മതം ഏകമായിരിക്കണം.

ഒരു ദിവസം വൈകുന്നേരം വീട്ടിന്റെ തളത്തിൽ ഇരുന്നുകൊണ്ട് ഈ വിധം ഒരു സംഭാഷണം ആ കുടുംബാംഗങ്ങളിൽ നിന്നും കേൾക്കുന്നു.

മാത്തച്ചൻ:— നമ്മുടെ ലോനച്ചന്റെ എഴുത്തു വന്നിട്ടു മാസം ആറായല്ലോ. ഇനിയും എന്തുചെയ്യുന്നു. അവൻ ആദ്യം പറഞ്ഞതുപോലെ ഇത്തവണയും പറഞ്ഞിരിക്കയാണു്!

മേരിക്കുട്ടി.— അപ്പച്ചൻ അങ്ങനെ പറയരുതു്. ഇച്ചായൻ ഒരു പതിനഞ്ചു ദിവസംകൊണ്ടേ സിങ്കപ്പൂരിൽ എത്തിച്ചിരിക്കയൊള്ളൂ. പിന്നീടു ഒരു പതിനഞ്ചു ദിവസംകൂടി കഴിയാതെ സംഗതികളിലെല്ലാം എപ്പെട്ട സ്ഥിതിഗതികൾ മനസ്സിലാക്കാൻ സാധിക്കയില്ല, ഒരു എഴുത്തു് ഇവിടെ വരണമെങ്കിൽതന്നെ എത്ര ദിവസം വേണം. നൂ. മാസം അതു അധികമോ?

തങ്കമ്മ:— ചേച്ചിയുടെ അഭിപ്രായംതന്നെ ആണു് എനിക്കും. വല്ല ജോലിത്തിരക്കുകൊണ്ടും എഴുത്തയക്കാൻ തോന്നിയിരിക്കും.

ഏലിയാമ്മ:— കള! വീട്ടിലേക്കു് ഒരു എഴുത്തെഴുതി അയക്കാൻ ഒരു മാസം മുഴുവൻ ചിലവഴിക്കണ്ടേ. അതൊക്കെ വെറുതെ.

മാത്ത:— എന്തായാലും നമുക്കു നാളെ ഒരു കമ്പി അടിക്കണം. ഇങ്ങിനെ അവർ സംഭാഷണം നിർത്തി പിറേറദിവസംതന്നെ കമ്പിയടിച്ചു എങ്കിലും ഫലമുണ്ടായില്ല.

ഇങ്ങനെ അക്ഷമരായി കഴിച്ചു കൂട്ടിവരവേ ലോനച്ചന്റെ ഒരു എഴുത്തുകിട്ടി. അതിദാഹത്താൽ മൃതിയടയാൻപോകുന്ന ഒരുവനു് ഒരു നീരുറവ കണ്ടാലുണ്ടാകുന്ന ആനന്ദത്തോടുകൂടി മാത്തച്ചൻ എഴുത്തു വായിക്കാൻ തുടങ്ങുന്നു.

ഹ! ലോകമെ, നീ ഇത്ര വഞ്ചകനോ? നീരുറവയെന്നാകരുതി അത്യാർത്തിയോടെ ഓടിച്ചെന്നിത്ത മനുഷ്യന്റെ മുൻപിൽ കണ്ടതു് വിഷബീജങ്ങൾ നിറഞ്ഞ ഒരു അശുദ്ധ ഓലിയായിരുന്നു.

മാത്തച്ചന്റെ കൈയിൽനിന്നു താനെ എഴുത്തു താഴെ വീണു. അദ്ദേഹം മിണ്ടാതെ കണ്ണുകളെ ആകാശത്തിലേക്കുയർത്തിക്കൊണ്ടു വിവർണ്ണവദനനായി സ്ഥിതിചെയ്യുന്നു. സന്ധ്യകളായ നമ്മുടെ യുവതികൾ കാരണം ചോദിക്കുന്നതിനോ എഴുത്തെടുത്തു് വായിക്കുന്നതിനോ ഒരു മടിയാതെ കുഞ്ഞുപിള്ളേരെപ്പോലെ വാവിട്ടു കരയുന്നു. എന്തിനു, അവ

ക്രിസ്തുമസ്സിന്റെ നാല്പതാം ദിവസം ശ്ലൂഹീകരണത്തിരുനാളാണു.

മണിക്കുർനേരംകൊണ്ടു അവരുടെ മുൻപിൽ ഒരു കണ്ണുനീർക്കുളം ഉണ്ടായിയെന്നു പറയാം. ഹാ! ഭയങ്കരമായ എഴുത്തേ! ഇത്ര വേദനിപ്പിക്കത്തക്ക നീ എന്താണ്! അനന്തരം ഒരുവിധം ധൈര്യമവലംബിച്ചുകൊണ്ടു പുരുഷതുല്യമുള്ളവനായ മാത്തച്ചൻ എഴുത്തെടുത്തു ഈ വിധം വായിച്ചു. "നിങ്ങൾ ആരും വ്യസനിക്കരുതു? ദൈവതിരുമനസ്സിനു ഭംഗം വരുത്തല്ലോ. ഞാൻ ഇതാ സഹിക്കവയ്യാത്ത മസൂരിദീനത്താൽ ഭയങ്കരമായ മരണ വേദനെ അനുഭവിക്കുന്നു. എന്റെ വേദനയുടേയും കഷ്ടപ്പാടിന്റേയും കാഠിന്യം പറഞ്ഞറിയിക്കാവതല്ല. എങ്കിലും ഞാൻ നിരാശപ്പെടുന്നില്ല. എന്റെ ബാഹ്യമായ വേദന വർദ്ധിക്കുംതോറും ആഭ്യാത്മിക ദാഹത്താലും ദൈവസ്നേഹത്താലും എന്റെ പരിശുദ്ധ ഹൃദയം ഇതാ എരിഞ്ഞെരിഞ്ഞു വരുന്നു. ഈശോ എന്നെ കൈവിടുകയില്ല, എനിക്കു ഇതുമാത്രം മതി. എങ്കിലും ഞാൻ രക്ഷപെടുന്നു കായ്യം... എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം.

എന്നു ലോനച്ചൻ

ചാവേലിൽ ലോനാഹരന്റെ ദീനവർത്തമാനം നാടാകെ പരന്നു. നാട്ടുകാർ, ലോനാഹരന്റെ ഗുണഗണങ്ങളെ പ്രശംസിച്ചുകൊണ്ടു നേരിട്ടിരിക്കുന്ന ഭയങ്കരദീനത്തേക്കുറിച്ചു അനുശോചിക്കുന്നു. മാത്തഹരൻ മുതൽപേരുടെ സ്ഥിതി അറിയാമല്ലോ. അവർ നിത്യം പള്ളിയിൽ പോകുന്നു. പ്രാർത്ഥിക്കുന്നു; പൂജകാണുന്നു; പൂജചൊല്ലിക്കുന്നു; ദിവ്യകാരുണ്യം സ്വീകരിക്കുന്നു; ധർമ്മംകൊടുക്കുന്നു; നേർച്ചകാഴ്ചകൾ കഴിക്കുന്നു; നവനാൾ കഴിക്കുന്നു; മുരുക്കിപ്പുറത്താൽ ദൈവത്തിൽതന്നെ ആശ്രയിച്ചു ശരണം പ്രാപിക്കുന്നു. ഇതിനിടെ ബന്ധുക്കളും സ്നേഹിതന്മാരും വന്നു സാന്ത്വനവാക്കുകൾ പറയുന്നു. ആരെല്ലാം എന്തെല്ലാം പറഞ്ഞാലും അവരുടെ താപാഗ്നികെടുമോ?

ഇതിനിടെ ലോനാഹരന്റെ സുഖക്കേടിനു് ദൈവാനുഗ്രഹത്താൽ അല്പശമനം ഉണ്ടായി. നമ്മുടെ നാട്ടിൽ സാധാരണ കാണാറുള്ളതുപോലെ അത്ഥാഗ്രഹത്തിൽ മുഴുകി, അർദ്ധപ്രാണരായി സ്ഥിതിചെയ്യുന്ന മസൂരി ദീനക്കാരേ ബലാൽക്കാരേണ യമപുരിയിലേക്കു് അയക്കുന്ന പണപ്പിശാചുക്കളല്ല ലോനച്ചനെ പരിചരിച്ചതു്. ദൈവഭക്തരായ രണ്ടു വിശ്വസ്ത ശുശ്രൂഷകരാണ് ലോനാഹരനെ പരിപാലിച്ചിരുന്നതു്. അവരുടെ ഹാർദ്ദവമായുള്ള ശുശ്രൂഷകൊണ്ടു ദീനം പെട്ടെന്നു പൂർണ്ണമായ ശമിച്ചുകുളിയും കഴിഞ്ഞു. ലോനാഹരൻ ഈ ശുശ്രൂഷകന്മാർക്കു ഒരു നല്ലതുക

മാതാവിന്റെ ശുദ്ധീകരണവും ഉണ്ണിയേശുയുടെ പ്രതിഷ്ഠയും കൊണ്ടാടപ്പെടുന്നു.

സന്തോഷപൂരസ്സരം കൊടുത്തു. അവർ തങ്ങൾ ദൈവത്തിനു വേണ്ടിയാണ് വേലചെയ്യുതെന്നും പ്രതിഫലം വേണ്ടെന്നും പറഞ്ഞു എങ്കിലും ലോനാഛൻറെ സ്നേഹപൂർവ്വമുള്ള നിബ്ബന്ധത്താൽ വാങ്ങിച്ചു എന്നു പറയാം. ഉടൻതന്നെ വീട്ടിലേക്ക് സുഖവിവരത്തിനു ഒരു എഴുത്തും ലോനാഛൻ അയച്ചു. ഈ എഴുത്തു എല്ലാവരേയും അത്യാനന്ദത്തിൽ നീന്തിക്കളിപ്പിച്ചു ദീനവൃത്താന്തം നാട്ടിൽ പരന്നതുപോലെ സുഖവൃത്താന്തവും പരന്നു. മാതാപിതാക്കൾ ആദിയായവർ ദൈവത്തിൻറെ അനന്ത അനുഗ്രഹങ്ങളെക്കുറിച്ചു് അങ്ങയെ സ്തുതിക്കുന്നു. നിറവേറാനുള്ള നേർച്ചകൾ ഉടൻ നിറവേറി സന്തുഷ്ടരായി വാഴുന്നു ഈവിധം ആ ദീപം അവരുടെ ഉള്ളിൽ വിണ്ടും പ്രകാശിക്കുന്നു. തുടരും.

സമ്മാനാർഹന്മാർ

ഞങ്ങളുടെ മത്സരകഥാ പ്രസ്ഥാനത്തിൽ ആകെ നാലു പേർ സംബന്ധിക്കയുണ്ടായെന്നു മാന്യ വായനക്കാർ അറിഞ്ഞിട്ടുണ്ടല്ലൊ. അവർ എഴുതിയ കഥകൾ മുൻനിശ്ചയമനുസരിച്ചു പണ്ഡിതന്മാരായ പരിശോധകന്മാർക്കയച്ചുകൊടുത്തിരുന്നു. അവരുടെ അഭിപ്രായപ്രകാരം ഒന്നും രണ്ടും സമ്മാനത്തിനു അർഹന്മാർ ഇവരാണ്:—

1-ാം സമ്മാനം.

ശ്രീമാൻ ടി. എം. വർഗീസ്.

2-ാം സമ്മാനം

ശ്രീമാൻ പി. ഉലഹന്നൻ മാപ്പിള.
ശ്രീമാൻ സി. എ. മാത്യു.

സമ്മാനാർഹന്മാരായ ഇവർ മൂവരേയും ഞങ്ങൾ യഥാക്രമം ഹാർദ്ദമായി അനുമോദിക്കയും, പണ്ഡിതന്മാരായ പരിശോധകന്മാരുടെ നേർക്കു ഞങ്ങൾക്കുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കയും ചെയ്യുന്നു.

വ്യാകുലമാതാഗീതം.

"ംരംശോയെ അഞ്ങ" എന്ന മട്ട്.

1. ംരംശോകത്താവു ഗാഹ ിത്തിക്കുന്നിൽ
ക്രൂശിൽ തൂങ്ങീടുന്നേരം
ആകുലയായി നിന്നിരുന്നല്ലൊ
വ്യാകുല മാതാവെ, നീ.

2. പങ്കമകന്ന തങ്കമാകുംനിൻ
ശങ്കിലന്നേരത്തയ്യൊ
സന്താപവാളിൻ കൂത്തുകളേറ്റു
സന്തപ്തയായ് തിന്നുനീ.

3. നിർമ്മലനായ ഈശോകത്താവിൻ
അമ്മയാമീകന്യക
തന്മകനേല്ക്കും പീഡകൾകണ്ടു
എന്മാത്രം ദുഃഖിക്കുന്നു.

4. ഇങ്ങനെയുള്ള ദുഃഖസമുദ്രേ
മുങ്ങിവലയും നിന്നെ
എത്രിനെകാണും മർത്ത്യരിലേകൻ
വിങ്ങിക്കരഞ്ഞീടാതെ.

5. തങ്കജാത മർത്ത്യരിലുള്ള
പങ്കങ്ങളം പോക്കീടാനായ്
നിങ്കുമാരൻ താൻ സങ്കടപൂണ്ണ
പങ്കപ്പാടേല്ക്കുന്നമ്മേ.

6. കന്യകമെയലെ! കാരുണ്യപൂർണ്ണേ!
നിന്നുടെയീ ദുഃഖത്തെ
എന്നെന്നുമോർത്തു ധ്യാനിച്ചീടാനായ്
എന്നിൽ കനിഞ്ഞീടണെ.

7. നിർമ്മകനാകും ഈശോകത്താവിൻ
വന്നിരിവഞ്ചുമെന്നും
എന്മനതാരിൽ മാഞ്ഞുപോകാതെ
അമ്മേ, പതിച്ചീടുക.

എങ്കിലും മാതാവു ശുദ്ധികരണകമ്മം അനുഷ്ഠിച്ചു.

ഒരു അപ്പോസ്തോലശ്രേഷ്ഠകബാലൻ.

—:o:—

(റവ. ഫാദർ മാത്യു തോട്ടക്കര.)

ഫ്രാൻസ്-ലെ വേനൽക്കാലത്തു മർഫി കുടുംബക്കാർ കടലോരത്തുള്ള ഒരു സുഖവാസസ്ഥലത്തേയ്ക്കു വിശ്രമിപ്പാൻപോയി. മിസ്റ്റർ മർഫിയേയും ഭാര്യയേയും കൂടാതെ നാലു കുട്ടികളും കൂടെ ഉണ്ടായിരുന്നു. അവരുടെ യഥാക്രമത്തിലുള്ള പേർ മേരി, മൈക്ക്, മാർഗരറ്റ് എന്നിവയായിരുന്നു.

അവർ താമസിച്ചിരുന്ന സ്ഥലത്തിന്നരികെ ഒരു കത്തോലിക്കാ കപ്പേളയുണ്ടായിരുന്നു. അതിൽ ചെന്നു കുമ്പസാരിക്കുന്നതിനും മറ്റുമുള്ള സൗകര്യത്തോർത്തിട്ടാണു അവർ ആ സ്ഥലത്തുതന്നെ താമസമാക്കിയതു്. ഒരു കത്തോലിക്കൻ മുഖ്യമായി ചെയ്യേണ്ടതു അയാൾക്കുള്ള മതസംബന്ധമായ ചുമതലകളെ ആണെന്നുള്ള ധാരണ തന്റെ കുഞ്ഞുങ്ങളിൽ അടിച്ചിരുത്തുന്നതിനെന്നു മിസ്റ്റർ മർഫിയ്ക്കു പ്രത്യേകം ആഗ്രഹമുണ്ടായിരുന്നു.

മർഫി താമസിച്ചിരുന്ന ബങ്കളാവിന്നടുത്തുതന്നെ ഒരു പ്രോട്ടസ്റ്റാന്റു കുടുംബക്കാരും പാർത്തിരുന്നു. അവിടത്തെ മൂത്ത കുട്ടിയുടെ പേർ വാൾട്ടർ എന്നായിരുന്നു. അയാളും ജോൺ മർഫിയുമായി വലിയ സ്നേഹമായി. ആ ദേശത്തെ കുട്ടികളെല്ലാവരും കൂടി ഒരു പന്തുകളിയേർപ്പാടു തുടങ്ങിയിരുന്നു. അതിൽ ഈ രണ്ടു കുട്ടികളും ചേർന്നിട്ടുണ്ടായിരുന്നു. ഇങ്ങിനെയാണു് അവർ തമ്മിൽ പരിചയത്തിന്നു വഴിയായതു്.

ഒരു ഞായറാഴ്ച വൈകുന്നേരം അവർ കൂട്ടുകാരുമായി പന്തുകളിച്ചു നില്ക്കുകയായിരുന്നു. അതിനിടയിൽ ജോൺ കൈയുറയൂരി വച്ചിട്ടു് "എനിക്കു പകരം ആരെങ്കിലും കളിക്കുവിൻ! ഞാൻ പള്ളിയിൽ പോണം. വി. കുമ്പസാരയുടെ വാഴ്ചയ്ക്കു സഹായിക്കാൻ പോകുന്നതിന്നു സമയമായിരിക്കുന്നു" എന്നു വിളിച്ചു പറഞ്ഞു. പ്രധാനമായി അവിടെയുണ്ടായിരുന്നതു അമേരിക്കൻ കുട്ടികളായിരുന്നു. അവർക്കു് അന്യന്റെ മതവിഷയമായ വിശ്വാസങ്ങളേയും നിഷ്ഠകളേയും കുറിച്ചു ആദരവുണ്ടായിരുന്നതിനാൽ അവരാരും ജോണിന്റെ വാക്കുകേട്ടിട്ടു പരിഭവിച്ചില്ല. പ്രോട്ടസ്റ്റന്റുകാരനാണെങ്കിലും "ഞാനുംകൂടെയുണ്ടു്" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു് വാൾട്ടറും ജോണിന്റെ പുറകേ പോയി.

ശുദ്ധീകരണകർമ്മം മോശയുടെ പ്രമാണത്താൽ കല്പിക്കപ്പെട്ടിരുന്നു.

വാൾട്ടർ:— ഞാനും വി. കുർബ്ബാനയുടെ വാഴ്ചനു ശുശ്രൂഷിക്കാൻ വരട്ടെയൊ?

ജോൺ:— ഓഹോ വരാം.

വാ:— ഞാൻ ഒരു പ്രൊട്ടസ്റ്റൻറു കാരനാണെല്ലൊ

ജോ:— താൻ ആരെങ്കിലുമാകട്ടെടൊ! അതു കൂട്ടാക്കണ്ട എൻറെ ഒന്നിച്ചു വന്നുകൊള്ളുക. ഫാദർ ഡ്യാലിയ്യ് തന്നെ കണ്ടാൽ വലിയ കാര്യമാകും. സംശയമില്ല.

അവർ പള്ളിയിലെത്തി. വാൾട്ടറിനെ ഒരു പ്രധാനസ്ഥലത്താക്കിയിട്ടു ജോൺ അപ്പിടന്നു സങ്കീർത്തിയിലേക്കു പോയി. അതിനു ശേഷം അരമുത്തരയിൽ ശുശ്രൂഷിക്കുന്ന കുട്ടികളുടെ കൂട്ടത്തിൽ ഉടുപ്പുധരിച്ചു മെഴുകുതിരിയും ധൂപവുമായി പള്ളിയിൽ പ്രവേശിച്ചു

വാൾട്ടർ ആദ്യമാണു കുർബ്ബാനക്കുടെ തിരുകർമ്മങ്ങളിൽ പങ്കുകൊണ്ടതു. അവിടെ നടന്ന സകല ചടങ്ങുകളും അയാൾ സൂക്ഷിച്ചുകണ്ടു ശുശ്രൂഷകബാലനുടെ കൂട്ടത്തിൽ സർപ്ലീസും ധരിച്ചു ജോൺ നിൽക്കുന്നതും അയാൾ കണ്ടു. വാഴ്ചയിടയ്ക്ക് 'കുത്താവെ, ജോൺ നിന്നോടു അപേക്ഷിക്കുന്നതു തന്നെ എനിക്കും അപേക്ഷിക്കാൻ ആഗ്രഹമുണ്ട്.' എന്നു വാൾട്ടർ പ്രാർത്ഥിച്ചു. "കർത്താവേ വാൾട്ടറിനു നീ വെളിപ്പെടുത്തുന്ന അവനു സത്യം കാണാറാക്കേണമേ!" എന്നു ജോണും പ്രാർത്ഥിക്കാതെയിരുന്നില്ല.

II

അടുത്ത ഞായറാഴ്ചയും വാഴ്ചനു് സമയമായപ്പോൾ അവർ ഇരുവരും കളിസ്ഥലത്തുനിന്നു പള്ളിയിലേക്കുപോയി. അത്തവണ വാൾട്ടറും സക്രീസ്ഥിയിലേക്കു ജോണൊന്നിച്ചു പോയി. ഒരു ശുശ്രൂഷകൻ അന്നു ഹാജരില്ലാതിരുന്നതിനാൽ അതിനുപകരം വാൾട്ടർ ആകട്ടെ എന്നു പട്ടക്കാരൻ തീർച്ചയാക്കി. ജോൺ, അച്ചൻറെ ചെവിയിൽ "എൻറെ സ്നേഹിതൻ പ്രൊട്ടസ്റ്റൻറുകാരനാണ്" എന്നു മന്ത്രിയ്ക്കാതെ ഇരുന്നില്ല.

വാൾട്ടർ ഉടുപ്പുധരിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കെ പട്ടക്കാരൻ "താൻ പ്രൊട്ടസ്റ്റൻറുകാരനാണോ?" എന്നു പതുക്കെ ചോദിച്ചു 'അതെ' എന്നു അയാൾ പറഞ്ഞു. അപ്പോഴേയ്ക്ക് "അച്ചാ അയാൾ ശുശ്രൂഷയിൽ സഹായിക്കട്ടെ. അയാൾ ഒരു നല്ല കുട്ടിയാണ്" എന്നു ജോൺ പറഞ്ഞു.

മാതാവു ആ കല്പന അനുസരിക്കയാണു ചെയ്തതു.

സമയവും എത്താണ്ടു വൈകിയിരുന്നു. വേറെ ശുശ്രൂഷകനെ തൽക്കാലം കിട്ടിയതുമില്ല. അതിനാൽ "വാൾട്ടർ ജോണിന്റെ കൂട്ടുകാരനായി അയാൾ ചെയ്യുന്നപോലൊക്കെ കാണിച്ചു കൊള്ളു. പ്രവൃത്തിയിൽ ആചാരവും വന്ദ്യതയും നിലനിത്തിക്കൊള്ളണം." എന്നു പട്ടക്കാരൻ പറഞ്ഞു. അയാൾ ശുശ്രൂഷ വളരെ ഭംഗിയായും ഭക്തിയോടും നിർവ്വഹിച്ചു. തനിയ്ക്ക് അതിന്നവസരം നൽകിയ പുരോഹിതനോടു അയാൾ കൃതജ്ഞനാകയും ചെയ്തു ഇങ്ങിനെ അയാൾ ഞായറാഴ്ചതോറും പള്ളിയിൽ പോകയും ജോണൊന്നിച്ചു കുമ്പാനയ്ക്കു ശുശ്രൂഷിക്കയും ചെയ്തുവന്നു. ഇതിനിടെ അവർ ഇരുവരും ഒന്നിച്ചു കടൽപ്പുറത്തു കാറ്റു കൊള്ളുവാൻ നടക്കുകയും അതിനിടയിൽ ജോൺ തന്റെ കൂട്ടുകാരനെ വേദോപദേശം പഠിപ്പിക്കയും കൂടി ചെയ്തിരുന്നു.

അവസാനത്തെ ഒരു ഞായറാഴ്ചയായപ്പോഴേയ്ക്കും വൈകുന്നേരം വാൾട്ടർ ഫാദർ ഡാലിയുടെ അടുത്തെത്തി ഇങ്ങിനെ പറഞ്ഞു. "അച്ഛാ എനിക്ക് കത്തോലിക്കാക്കാരനാകണം. എന്റെ ജ്ഞാനസ്നാനം കൈക്കൊള്ളുവാൻ ഇന്നുതന്നെ ആയിക്കൊള്ളാം."

പട്ടക്കാരൻ:— അയാളുടെ പുറത്തു കൈവച്ചുകൊണ്ട് "അപ്പനമ്മമാരുടെ സമ്മതം കൂടാതെ എനിക്കു തന്നെ ജ്ഞാനസ്നാനപ്പെടുത്തുവാൻ നിവൃത്തിയില്ല."

ഇതു കേട്ട ഉടനെ വാൾട്ടർ അവിടന്നു ബദ്ധപ്പെട്ടിറങ്ങിപ്പോയി. "അയാൾ ഇപ്പോൾ അപ്പനമ്മമാരെക്കൂട്ടിക്കൊണ്ടുവരും" എന്നു ജോൺ അപ്പോൾ പട്ടക്കാരനോടു പറകയും ചെയ്തു.

വാൾട്ടർ അപ്പനമ്മമാരോടും അഞ്ചു സഹോദരങ്ങളോടുംകൂടി വേഗം മടങ്ങിയെത്തി "അച്ഛാ, ഞാനും എന്റെ അമ്മയപ്പന്മാരും അഞ്ചു സഹോദരങ്ങളും കത്തോലിക്കരാവാൻ ആഗ്രഹിക്കുന്നു." എന്നു വാൾട്ടർ ഫാദർ ഡാലിയോടു പറഞ്ഞു.

III

രണ്ടു ദിവസം കഴിഞ്ഞ് കുടുംബക്കാരെല്ലാരും വീട്ടിലേയ്ക്കു മടങ്ങിപ്പോകുന്നതിനുള്ള കാലമായി. അപ്പോഴേയ്ക്കും ജോണിന്റെ മേൽ ഒരു കുതിരവണ്ടി കയറി അയാൾ അപകടത്തിലായി. വാൾട്ടറുടെ ഒരു സഹോദരനും കൂടെ പരിക്കുകൾ പറ്റി. ഇങ്ങിനെ അവരുടെ യാത്ര അല്പം തടസ്സപ്പെട്ടു. വാൾട്ടർക്കു വലിയ വ്യസനമായി. അയാൾ കൂട്ടുകാര

ഒരുദോഷം ദൈവപുത്രനാകയാൽ പ്രതിഷ്ഠിക്കപ്പെടേണ്ടിയിരുന്നില്ല.

നൊന്നിച്ച് ആസ്പത്രിയിൽ പോകുകയും അയാൾക്കുവേണ്ട ശുശ്രൂഷകളെല്ലാം ചെയ്കയും ചെയ്തു. ജോൺ കുറെ സമയത്തിനുള്ളിൽ മരിച്ചുപോകയേ ഉള്ളുവെന്നു ഡോക്ടർ അഭിപ്രായപ്പെടുകയും അയാൾ അന്ത്യക്രിയാശകൾ എല്ലാം കൈക്കൊള്ളുകയും ചെയ്തു. അയാൾ വാൾട്ടറുമായി കുറെ സമയം സംഭാഷണം നടത്താനുണ്ടെന്നു താൽപര്യപ്പെട്ടു.

അവർ സംസാരിച്ചുനിൽക്കുമ്പോൾ ഫാദർ ഡാലി കുമ്പസാരവും ഏഴുന്നള്ളിച്ചു കൊണ്ടുവന്നു. ജോണിനു അന്ത്യോപചാരം നേരത്തെ നടത്തപ്പെട്ടു. "അച്ചാ, ഞാൻ പരമാനന്ദമായി മരിക്കുന്നു. എന്തെന്നാൽ വാൾട്ടറും കുടുംബങ്ങളും കത്തോലിക്കരായി. ഞാൻ അതിലേക്കായി പ്രാർത്ഥന തുടങ്ങിയിട്ടു രണ്ടുമാസമായി" എന്നു ജോൺ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ജോൺ വാൾട്ടറോടു എന്തോ പറകയും അയാൾ അതു സമ്മതിക്കയും ചെയ്തു. അതിനു ശേഷം ജോൺ പട്ടക്കാരനോടു "കുറച്ചു മുമ്പു മരിക്കാൻ എനിക്കു വാസനമായിരുന്നു. ഇപ്പോൾ സന്തോഷം തോന്നുന്നുണ്ടു." എന്നു പറഞ്ഞു. "എനിക്കു ഒരു പട്ടക്കാരനാകണമെന്നുണ്ടായിരുന്നു. ഞാൻ പോകയായി. എങ്കിലും വാൾട്ടർ ഒരു പട്ടക്കാരനായിക്കൊള്ളുമെന്നു എനിക്കു ഉറപ്പു തന്നിരിക്കുന്നു. ഞാൻ സ്വർഗ്ഗത്തിൽ ചെന്നാൽ അയാൾക്കുവേണ്ടി പ്രാർത്ഥിക്കും" എന്നും അയാൾ പറഞ്ഞു.

ഇക്കഥ ഇരുപതു കൊല്ലത്തിനുശേഷം ഫാദർ വാൾട്ടർ തന്നെ പറഞ്ഞതാണ്, അദ്ദേഹം ഒരു ചെറിയ കുട്ടിയുടെ പടം ഫൗണ്ടിക്കാണിച്ചുകൊണ്ടു "ഇതാ ജോൺ, ഇയാൾ നിമിത്തമാണ് എന്റെ കുടുംബം മുഴുവൻ സത്യവിശ്വാസത്തിലായതു്. ഞാൻ പുരോഹിതനായതും ഇയാൾ മൂലമാണ്. ഇയാൾ എന്നിട്ടു സ്വർഗ്ഗത്തെയുണ്ടാക്കട്ടെ." എന്നു ഫാദർ വാൾട്ടർ ഒരു സ്നേഹിതനോടു പറകയുണ്ടായി.

—:—

കൊറിയായിലെ രാജകുമാരനും പത്നിയും പരിശുദ്ധ പിതാവു തിരുമനസ്സിലെ സന്ദർശിച്ചിരിക്കുന്നു.

റഷ്യയിലെ സോവിയറുകാർ കത്തോലിക്കാസഭയ്ക്കും മതത്തിനും വിരുദ്ധമായി ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നു. യുക്രൈനിലും വൈറുറഷ്യായിലുമാണ് പ്രത്യേകിച്ചു് ഈ ഉത്സാഹങ്ങൾ നടത്തപ്പെടുന്നതു്.

എങ്കിലും അവിടുന്നു പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു.

ചെറുപുഷ്പ നൊവേന.

മൂക്കന്നൂർ തിരുഹൃദയ അനാഥശാലയിൽ വിശുദ്ധ കൊച്ചുത്രേസ്യാ യുടെ പാഠത്തിങ്കൽ മാസംതോറും ത്രുശ്ശേഷിപ്പും എഴുന്നള്ളിച്ചുവച്ചു കൊണ്ടു ൨൨-ാം തീയതി ആരംഭിച്ചു ൩൦-ാം തിയതി അവസാനിക്കത്തക്ക വണ്ണം നടത്തുന്ന നൊവേനകളിൽ 'അപേക്ഷകൾ' എത്രയെങ്കിലും സൌജന്യമായി സ്വീകരിക്കുന്നതാകുന്നു പുണ്യവതിയുടെ പിതാവിൻ മുമ്പാകെ ൯ ദിവസത്തെ കെടാവിളക്കിനു ൨ ക യും ലഭിഞ്ഞു ഫ നു ഫ ക. യാ ഉപകാരസ്മരണകൾ പ്രസിദ്ധപ്പെടുത്തുവാൻ ഫ ക. യിൽ കുറയാത്ത ഒരു സംഖ്യയും മുൻകൂർ അയക്കേണ്ടതാകുന്നു

ഉപകാരസ്മരണകളും സംഭാവനയും.

ചെറുപുഷ്പം വഴിയായി എന്റെ ഭാര്യയുടേയും കുട്ടിയുടേയും സുഖക്കേടു അത്ഭുതകരമായി ശമിച്ചതിനു ഉപകാരസ്മരണ ൨ ക. പി. ഒ. ചാക്കോ. കൊച്ചി—കൃതജ്ഞതയായി ൨ ക. സി. കെ. വക്കി. വേത്തവ. വി കൊച്ചുത്രേസ്യായുടെ സഹായത്താൽ എനിക്കു ഒരു കാര്യം സാധിച്ചതിനു ഉപകാരസ്മരണ ഫ ക. ടി. കെ കുഞ്ഞുവറീത്. പള്ളിനിവട്ടം. ഒരു കുട്ടിയുടെ സുഖക്കേടു ശമിച്ചതിനു നന്ദി. ഫ ക മാളിയ്ക്കൽ വക്കി. കുഴുപ്പിള്ളി ഒരു ഉപകാരസ്മരണ. ൨ ക സി. എഫ്. ജോസഫ്—ഈശോയുടെ ദിവ്യകാരുണ്യ ഹൃദയത്തിന്റെ അനുഗ്രഹത്താലും വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം മൂലവും ഒരു കാര്യം സാധിച്ചതിനു നന്ദിപറയുന്നു. ചിലകാര്യങ്ങൾ കൂടി സാധിച്ചതരുന്നതിനു വായനക്കാരും കൂടി അപേക്ഷിപ്പാറാകണം. ൨ ക. കെ. സി. ജോൺ. ഏലഞ്ഞി. സംഭാവന. ൪ ക. ടി. ജെ. ജെ; കൊല്ലം. ൩ ക. മി. വെ. ജേക്കബ്. അരുവിത്തുറ— ഫ ക. മാപ്പുശ്ശേരി കൊച്ചാപ്പു മൂക്കന്നൂർ.

അപേക്ഷകളും മറ്റും അയക്കേണ്ടും മേൽവിലാസം.

തിരുഹൃദയ അനാഥശാല മാനേജർ മൂക്കന്നൂർ—അങ്കമാലി.

* * *

അബിസീനിയായിലെ പരിഷ്കൃത ഭരണാധികാരിയായ റസ്സൂഫാരി അഡിസ് അബ്ബാസ് എന്ന സ്ഥലത്തു ഒരു കത്തോലിക്കാ ഭദ്രാസന പള്ളി പണിയാൻ അനുമതി നൽകിയിരിക്കുന്നു. ഈ പള്ളി 'എത്തിയോപ്പിയാ മാതാവി'ന്നായി സമർപ്പിക്കപ്പെടുന്നതാണ്.

ആ പ്രതിഷ്ഠാകർമ്മവും മോശ കല്പിച്ചിരുന്നതാണ്.

മത്സ്യപിടുത്തക്കാരുടെ മദ്ധ്യസ്ഥൻ.

(റവ. ഫാദർ തോമസ് മൂഞ്ഞേലി)

ക്രിസ്തുവിനാൽ ആദ്യമായി നിയമിതരായ പ്രേഷിതരിൽ ഒരുത്തനും വിശുദ്ധ പത്രോസിന്റെ സഹോദരനുമായ അന്ത്രയോസ് മത്സ്യപിടുത്തക്കാരുടെ മദ്ധ്യസ്ഥനായിട്ടാണ് കത്തോലിക്കാ ലോകമൊക്കെയും ആചരിക്കപ്പെട്ടുവരുന്നത്. എന്തുകൊണ്ടെന്നാൽ, വിശുദ്ധ യോഹന്നാൻ മനസ്താനായുടെ കാലത്തു അന്ത്രയോസിന്റെ തൊഴിൽ ഗലീലിയാ ഉൾക്കടലിൽ മീൻപിടുത്തമായിരുന്നു. പകൽ സമയത്തെ ജോലി അവസാനിപ്പിച്ചു് വലയോടുകൂടി സ്വഭവനത്തിൽ മടങ്ങുന്ന അവസരത്തിൽ അദ്ദേഹം ക്രിസ്തുവിന്റെ മുൻഗാമിയായ വിശുദ്ധ യോഹന്നാൻ മനസ്താനായുടെ പ്രസംഗങ്ങൾ കേട്ടു വല്ലാതെ ചിന്താമഗ്നനായിത്തീർന്നു. ഏറെനാൾ കഴിയുന്നതിനു മുമ്പായിതന്നെ അദ്ദേഹം വിശുദ്ധ യോഹന്നാനു ശിഷ്യപ്പെട്ട എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. അക്കാലത്തു മത്സ്യപിടുത്ത ജോലിയുടെയിടയ്ക്കും യോഹന്നാന്റെ പ്രസംഗത്തിൽ സംബന്ധിച്ചിരുന്നു. യോർദനോൻനദിതീരത്തു ക്രിസ്തു നടന്നുകൊണ്ടിരുന്നപ്പോൾ "ഇതാ! ദൈവത്തിന്റെ ആട്ടിൻകുട്ടി" എന്നു യോഹന്നാൻ വിളിച്ചുപറഞ്ഞ ദിവസം അന്ത്രയോസു കൂടെ ഉണ്ടായിരുന്നു എന്നാണ് ഐതിഹ്യം. ഇപ്രകാരം അന്ത്രയോസു ലോകൈകനാഥന്റെ അപ്പസ്തോലനായിത്തീർന്ന ആ ദിവസംതന്നെ ക്രിസ്തുവിനെ അനുഗമിക്കുന്നതായി അയാൾ നിശ്ചയിച്ചു. തൽക്ഷണം തന്റെ മത്സ്യപിടുത്തത്തിൽ ഉപേക്ഷിക്കയുണ്ടായില്ല. ഗലീലിയായിൽ അന്ത്രയോസും സഹോദരൻ പത്രോസും ഒരു ദിവസം മീൻപിടിക്കുന്നതിനു തങ്ങളുടെ വലകൾ കടലിൽ ഇറക്കികൊണ്ടിരിക്കുമ്പോൾ ക്രിസ്തുനാഥൻ അവരുടെ സമീപത്തു വന്നു സംസാരവും ഉപേക്ഷിച്ചു അവിടുന്നു ആരംഭിച്ചുവാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രബോധനവേലയിൽ ചേരുന്നതിനു ക്ഷണിച്ചു. അവരെ മനുഷ്യപിടുത്തക്കാരാക്കാമെന്നു ക്രിസ്തു വാഗ്ദാനം ചെയ്കയുമുണ്ടായി. ഉത്തരക്ഷണം അവരിരുവരും വലയുപേക്ഷിച്ചു അവിടുത്തെ അനുഗമിച്ചു എന്നാണു വേദപുസ്തകത്തിൽനിന്നുള്ള അറിവു.

അപ്പൊസ്തലന്മാരുടെ നടപടിഗ്രന്ഥം വിശുദ്ധ അന്ത്രയോസിന്റെ പ്രേഷിതവേലയെ സംബന്ധിച്ചു അധികമൊന്നും രേഖപ്പെടുത്തിയിട്ടി

ഒരംശം ഈ കല്പന അനുസരിക്കയാണു ചെയ്യുന്നത്.

ല്ലെങ്കിലും, മറ്റു വഴിക്കു കിട്ടിയിട്ടുള്ള രേഖകൾ അദ്ദേഹം ഭ്രമോളത്തിന്റെ പല ഭാഗങ്ങളിലേക്കും യാത്രചെയ്തു വേദംപ്രസംഗിച്ചുവെന്നും, എല്ലായിടത്തും അജ്ഞാനാന്ധകാരത്തിൽ നിമഗ്നരായിരുന്ന അസംഖ്യം അവിശ്വാസികൾക്കു സുവിശേഷത്തിന്റെ വെളിച്ചം നൽകിയെന്നും, വിളിച്ചുപറയുന്നുണ്ട്. ഇന്നു റഷ്യ, ആസ്ട്രിയാ, സ്കോട്ട്ലാണ്ട്, ബർഗണ്ടി മുതലായ രാജ്യങ്ങൾ വിശുദ്ധ അന്ത്രയോസിനെ ബഹുമാനപൂജ്യമായിട്ടാണ് അവരുടെ മദ്ധ്യസ്ഥൻ എന്ന നിലയിൽ വണങ്ങിവരുന്നതു്. അക്കയിയാ രാജ്യത്തിലെ തലസ്ഥാനമായ പാത്രെ നഗരത്തിൽവെച്ചാണ് അദ്ദേഹം വേദസാക്ഷിത്വകിരീടം നേടിയതു്. അക്കാലത്തെ പ്രോകോൺസൽ ഉദ്യോഗം വഹിച്ചിരുന്ന എഗെയൂസ് അവർക്കു അന്ത്രയോസ് നാടൊട്ടുക്കു പ്രചരിപ്പിക്കുന്നതിനുദ്ദേശിക്കുന്ന പുതിയ മതം ഒരുവിധത്തിലും സയുക്തികമായിരിക്കാൻ നിവൃത്തിയില്ലയെന്നു വാദിച്ചു. നിന്ദ്യമായ ക്രൂശ്മരണം പ്രാപിച്ച ഒരു നായകനിൽ അധികമായും വിശ്വസിക്കുവാനില്ലെന്നായിരുന്നു ഇതിനുള്ള അയാളുടെ മുഖ്യന്യായം. അന്ത്രയോസ് ക്രീസ്തുവിന്റെ വേദസത്യങ്ങളെ സവിസ്തരം പ്രസംഗിച്ചുകേട്ട എഗെയൂസിന്റെ ഭാര്യ തന്മസംവിനാ ക്രൈസ്തവമതം സ്വീകരിച്ചു. അതിനാൽ പ്രോകോൺസൽ കോപഭരിതനായി. ഉടനെതന്നെ ക്രീസ്തുവിനെപ്പോലെ അന്ത്രയോസും വധിക്കപ്പെടണമെന്നു കല്പനയായതു ഗ്രഹിച്ചു, തന്റെ ദിവ്യഗുരുവിനെ അനുഗമിച്ചു സ്വപ്രാണത്യാഗം ചെയ്യാമെന്നുള്ള സ്മരണ അദ്ദേഹത്തിനു അതിയായ ആനന്ദത്തെ ഉളവാക്കി. എന്നാൽ ക്രീസ്തുവിനെപ്പോലെ ഇരുമ്പാണികളാൽ തറയ്ക്കപ്പെടുകയല്ലാ ചെയ്തതു്. വിശുദ്ധ അന്ത്രയോസിന്റെ ശിരസ്സു [illegible]ൽ റോമിൽ സംപൂജ്യമായി കൊണ്ടുവരപ്പെട്ടു. നവമ്പർമാസം [illegible] ആണ് ഈ സിദ്ധന്റെ തിരുനാൾ പ്രതിവർഷം കത്തോലിക്കാ സഭയൊട്ടുക്കു ആഘോഷിക്കപ്പെട്ടുവരുന്നതു്.

ഹോംകോംമിലുള്ള സലേഷ്യൻ മിഷനരിമാർ അവരുടെ ഇൻഡസ്ട്രിയൽ സ്കൂളിൽ "എറോപ്ലേയിൻ മോട്ടറു"കൾ (വിമാനങ്ങൾ) വരുത്തിയിരിക്കുന്നു. ചൈനാക്കാരെ എറോപ്ലേയിനേറ്റയും മോട്ടോറിനേറ്റയും പണികൾ പരിചയിപ്പിക്കണമെന്നാണ് അവരുടെ ഉദ്ദേശം.

ഇങ്ങിനെ ഓരംശോയും മാതാവും മതകല്പന അനുസരിച്ചു.

പെറുഷ്യ പരംഗം

(പുഷ്പദാസ്.)

കൊച്ചുത്രേസ്യാമ്മക്കു കൊച്ചു കുട്ടികളോടു സവിശേഷമായ സ്നേഹമുണ്ടു് അവർ മോക്ഷത്തിൽ നിന്നു് തന്റെ അനുഗ്രഹപുഷ്പങ്ങളെ അധികമായി വിഴുന്നതു കുട്ടികളുടെ മേൽ ആകുന്നു. കുട്ടികൾക്കും പുണ്യവതിയോടു വളരെ ഭക്തിയാണല്ലൊ. ഒരു പെറുബാലന്റെ രോഗം പുണ്യവതിയുടെ സഹായത്താൽ സുഖമായതിനെപ്പറ്റി അവന്റെ അമ്മ എഴുതിയിരിക്കുന്നതു കേൾക്കുക:— "1898 സെപ്റ്റംബർ മാസം രണ്ടാം തിയതി ബുധനാഴ്ച വൈകുന്നേരമായപ്പോൾ പ്രഞ്ചു എന്നു പേരായ എന്റെ മൂന്നു വയസ്സു പ്രായമുള്ള മകനു പെട്ടന്നു കലശലായ പനിയും വിറയലുമുണ്ടായി അവനു ശക്തിയായ ശ്വാസക്കേടും നടുവേദനയും ഉണ്ടായിരുന്നു. അവന്റെ മുഖം വാടിയിരുന്നു. 'ന്യൂമോണിയാ' ആണൊന്നു ഞങ്ങൾ ശങ്കിച്ചു. പ്രഞ്ചുവിന്റെ വേദനയുടെ ഉഗ്രതയെ പറ്റി അവൻ എന്നോടു ആവലാധിപ്പെട്ടപ്പോൾ, "മകനെ, നമുക്കു കൊച്ചുത്രേസ്യാമ്മയോടു അപേക്ഷിക്കാം; പുണ്യവതി നിന്നെ സഹായിക്കും" എന്നു ഞാൻ പറഞ്ഞു. "അതാണു, അമ്മെ, ഞാനും പറയുവാൻ ഭാവിച്ചതു്, എന്നായിരുന്നു കുട്ടിയുടെ മറുപടി. അന്നു രാത്രി അവന്റെ പീഡകൾ വളരെ ശക്തിപ്പെട്ടു. അടുത്ത ദിവസം കാലത്തു ൭- മണിക്കു പ്രഞ്ചു എന്നെ വിളിച്ചുപറഞ്ഞു: "അമ്മെ, കഴിഞ്ഞരാത്രിയിൽ ഞാൻ കൊച്ചുത്രേസ്യാമ്മയെ കണ്ടു. എന്റെ കിടക്കയിൽ വന്നിരുന്നു എന്നെ തലോടി. (തലോടിയതെങ്ങനെയെന്നു അവന്റെ ഇടത്തു കവളിൽ തടവി അവൻ എന്നെകാണിക്കയുംചെയ്തു.) 'ഞാൻ നിന്നെ സുഖമാക്കാം' എന്നു പുണ്യവതി എന്നോടുപറഞ്ഞു. എനിക്കിപ്പോൾ സുഖമായി അമ്മെ." വൈദ്യനെ വിളിച്ചു കാണിച്ചപ്പോൾ അവനു അപ്പോൾ യാതൊരു സുഖക്കേടുമില്ലെന്നും എഴുന്നേറ്റു നടക്കാമെന്നും അദ്ദേഹം പറഞ്ഞു. പ്രഞ്ചു ഇപ്പോൾ വളരെ ഭക്തിയുള്ള ഒരു കുട്ടിയായി ജീവിക്കുന്നു. അവന്റെ രോഗശാന്തി വിശുദ്ധ കൊച്ചുത്രേസ്യായുടെ അപേക്ഷയാൽ ഉണ്ടായതാണെന്നാണു എന്റെ പൂർണ്ണമായ വിശ്വാസം".

നമ്മളും മതകല്പനകളെല്ലാം അനുസരിക്കണം.

പുതിയ കർദിനാളന്മാർ.

ഇതിനിടെ, ഇന്ത്യയുടെ വിസിറ്റർ അപ്പസ്തോലിക്കായായിരുന്ന ലെപ്പീസിയെ തിരുമനസ്സുകൊണ്ടു നാലുപേരെ പരിശുദ്ധ സിംഹാസനം കർദിനാൾ സ്ഥാനത്തേക്കുയർത്തിയ കഥ പലരും അറിഞ്ഞിട്ടുണ്ടല്ലൊ. ഇവർ നാലുപേരും "ചെമന്ന ബിറേത്താ" പരിശുദ്ധ പിതാവു തിരുമനസ്സിലെ തൃക്കൈയിൽനിന്നു ഈ കഴിഞ്ഞ ഡിസമ്പർ പതിനാറാം-യാണ് സ്വീകരിച്ചതു്. വളരെ മാന്യന്മാരുടെ സാന്നിദ്ധ്യത്തിൽ കൺസിസ്റ്ററി ശാലയിൽവച്ചാണ് ഈ കർമ്മം നിർവഹിക്കപ്പെട്ടതു്. പ്രധാന മണ്ഡപത്തിൽ പരിശുദ്ധ പിതാവു തിരുമനസ്സിലെ സിംഹാസനത്തിനു അടുത്തുതന്നെ സ്റ്റേറ്റുസെക്രട്ടറിയായ ഗസ്പാരി കർദിനാൾ ഇരുന്നിരുന്നു. വത്തിക്കാനിലേക്കുള്ള ഫ്രഞ്ചുറിയൻ പ്രതിനിധിയും അനവധി മെത്രാപ്പോലിത്താമാർ, മെത്രാന്മാർ മുതലായവരും അടുത്തുതന്നെ പ്രധാന സ്ഥാനത്തു് ഇരുന്നു. പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു തന്റെ അകമ്പടിക്കാരുമായി എഴുന്നള്ളി സിംഹാസനത്തിൽ ഇരുന്ന ഉടനെ "മത്തിൽഡേ കപ്പേള"യിൽ കാത്തിരുന്ന പുതിയ കർദിനാളന്മാർ തിരുമസ്സിലെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. കർദിനാൾ ബിനെറുമാത്രം പർപ്പിൾ (ചെമന്ന) അങ്കിധരിച്ചു. മറ്റുള്ളവരെല്ലാം അവരവരുടെ സഭകളുടെ രീതിയനുസരിച്ചും വസ്ത്രധാരണം ചെയ്തിരുന്നു. ലെപ്പീസിയർ, സറേഡി എന്നീ കർദിനാളന്മാർ കറുപ്പു വസ്ത്രം ആണ ധരിച്ചിരുന്നതു്. റോളോ കർദിനാളാവട്ടെ ദോമിനിക്കൻ സഭയുടെ വെള്ളയും കറുപ്പും ചേർന്ന വസ്ത്രമാണ് ധരിച്ചതു്. കർദിനാൾ ലെപ്പീസിയർ പരിശുദ്ധ പിതാവിന്റെ സിംഹാസനത്തിന്നടുത്തു മണ്ഡപത്തിൽചെന്നു മുട്ടുകുത്തുകയും പിതാവിന്റെ കാൽ ചുംബിക്കുകയും ചെയ്തു. മുട്ടുകുത്തിനില്ക്കുന്ന അദ്ദേഹത്തെ ആദ്യം പിതാവു മൊസേത്തായും പിന്നെ ഇടയന്നടുത്ത കുരിശും അവസാനം ചെമന്ന ബിറേത്തായും ധരിപ്പിച്ചു. അനന്തരം അദ്ദേഹം എഴുന്നേല്ക്കുകയും പ. പിതാവു അദ്ദേഹത്തെ ആശ്ലേഷിച്ചു് രണ്ടു കവിൾത്തടത്തിലും ചുംബിക്കുകയും ചെയ്തു. മറ്റു പുതിയ കർദിനാളന്മാരും ഇതേ ചടങ്ങുകളെല്ലാം അനുഷ്ഠിച്ചു. അനന്തരം അവരെല്ലാം പ. പിതാവിന്റെ മുമ്പിൽ നിരന്നു നിന്നു. പിന്നെ തനിക്കും തന്റെ കൂട്ടുകാർക്കുംവേണ്ടി പ. പിതാവിനു കൃതജ്ഞത പറഞ്ഞുകൊണ്ടു ഒരു മംഗളപത്രം ലെപ്പീസി

മതത്തിന്റെ കല്പന ദൈവത്തിന്റെ കല്പനകളാണു.

യർ കർദ്ദിനാൾ വായിച്ചു. അവരോടുള്ള മറുപടിയിൽ അവർ ഇതേ വരെ ചെയ്തിട്ടുള്ള വിശ്വസ്തവും ഉജ്ജ്വലവുമായ പ്രവൃത്തികളെക്കുറിച്ചു് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചു.

അടുത്തനാൾ രാവിലെ പതിവുപോലെ ഒരു പബ്ലിക്ക് കൺസിസ്റ്ററിയോഗം കൂടുകയും അതിൽവച്ചു പുതിയ നാലു കർദ്ദിനാളന്മാരും, കഴിഞ്ഞ ജൂൺമാസത്തിൽ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തപ്പെട്ട പോളൻറുകാരൻ ഹ്ലോണ്ടു തിരുമനസ്സുകൊണ്ടും ചൊന്ന തൊപ്പി പ. പിതാവിങ്കൽനിന്നു സ്വീകരിക്കയുംചെയ്തു. കർദ്ദിനാളന്മാർ മെത്രാന്മാർ മുതലായ സഭാധികൃതരാൽതന്നെ ആ യോഗശാലയുടെ മൂന്നിൽ ഒരുഭാഗം സ്ഥലം നിറഞ്ഞിരുന്നു ബാക്കി സ്ഥലങ്ങളിൽ യഥാക്രമം എല്ലാവരും ഇരുന്നു. മുറിയുടെ ഒരറ്റത്തു പ. പിതാവിൻെറ സിംഹാസനം ഇട്ടിരുന്നു. പഴയ കർദ്ദിനാളന്മാർ ടേപ്പസ്ട്രിശാലയിൽ കൂടുന്നതിനിടയിൽ 'സിക്സ്റ്റിറയിൻ കപ്പേള' യിൽ സീനിയർ കർദ്ദിനാൾ മെത്രാൻ, കർദ്ദിനാൾ പട്ടക്കാരൻ, കർദ്ദിനാൾ ഡിക്കൻ, കർദ്ദിനാൾ കമർലെങ്കോ, കർദ്ദിനാൾ ചാൻസലർ ഇവരുടെ സന്നിധിയിൽവച്ചു് പുതിയ കർദ്ദിനാളന്മാർ അപ്പൊസ്തോലിക്ക നിയമപ്രകാരമുള്ള തങ്ങളുടെ ശപഥംചെയ്കയും ചെയ്തു.

പത്തുമണിക്കു പ. പിതാവു സ്ഥാനത്തിനടുത്ത സകല ആഡംബരങ്ങളോടുംകൂടെ സ്ഥലത്തെത്തി. അവിടന്നു മുറിയിൽക്കൂടി പോകുമ്പോൾ എല്ലാവരും ഹസ്തതാഡനംകൊണ്ടു സന്തോഷത്തെ പ്രകാശിപ്പിച്ചു. അവിടന്നു സിംഹാസനത്തിൽ ഇരുന്നശേഷം പഴയ കർദ്ദിനാളന്മാർ ഓരോരുത്തരായി ചെന്നു അവിടത്തെ വണങ്ങി. അപ്പോഴേക്കും പുതിയ കർദ്ദിനാളന്മാർ മൻപറഞ്ഞ കപ്പേളയിൽനിന്നു മടങ്ങിഎത്തി. കർദ്ദിനാൾ ഹ്ലോണ്ടു പ. പിതാവിൻെറ പാദവും കൈയും കവിളും മുത്തുകയും അനന്തരം തനിക്കു തയാറാക്കപ്പെട്ടിരുന്ന ആസനത്തിൽ വന്നിരിക്കയും ചെയ്തു പുതിയ കർദ്ദിനാളന്മാർ ഓരോരുത്തരും ഇപ്രകാരം ചെയ്തു. പുതിയ കർദ്ദിനാളന്മാരിൽ ഒന്നാമൻ പിതാവിൻെറ സിംഹാസനത്തിന്നരികെചെന്നു. അതിന്നു ഇരുവശവും ഇരുന്നിരുന്ന അസിസ്റ്റൻറു കർദ്ദിനാൾ ഡീക്കന്മാരുടെ കയ്യിലേക്കു മോൺസിഞ്ഞോർ കല്ലോരി ചെമന്ന തൊപ്പികൊടുത്തു കർദ്ദിനാൾ ഹ്ലോണ്ടിൻെറ ശിരസ്സിലും മറ്റു പുതിയ കർദ്ദിനാളന്മാരുടെ ശിരസ്സിലും പ. പിതാവു തിരുമനസ്സുകൊണ്ടുതന്നെ തൊപ്പിവച്ചു. അതിനുശേഷം അവരെയെല്ലാം അനുഗ്ര

ഹിച്ചു. ശേഷം പിതാവിനെ പല്ലക്കിൽ വഹിച്ചുകൊണ്ടുപോകയുംചെയ്തു. പുതിയ കർദ്ദനാളന്മാരാകട്ടെ സിസ്റ്റയിൻ കപ്പേളയിൽചെന്നു അൾത്താരയുടെ മുൻപിൽ സാഷ്ടാംഗം നമസ്കരിച്ചു. അപ്പോൾ ഗായകസംഘം തെദേവും പാടി. അതിനുശേഷം കർദ്ദിനാൾ ഡീൻ ചില പ്രാർത്ഥന ചൊല്ലുകയും അതുകഴിഞ്ഞു് പുതിയ കർദ്ദനാളന്മാർ എഴുന്നേറ്റു വാതിൽക്കൽ ചെന്നുനിന്നു കടന്നുപോകുന്ന കൂട്ടുകാരെയെല്ലാം ചുംബിക്കയുംചെയ്തു.

കൃതജ്ഞതാപ്രകാശനം.

വി. കൊച്ചുത്രേസ്യായുടെ പ്രത്യേക സഹായത്താൽ, എന്റെ ഭാഗ്യക്കേടു പിടിപെട്ട സുഖക്കേടു മാറിയിന്ത ഉപകാരസ്മരണയായി ഫ്രാ. ടി എസ്സ്. ജോസഫ്, ടീച്ചർ - എന്റെ കാലിനു പിടിപെട്ട ദീനം വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയാൽ സുഖപ്പെട്ടതിനു നന്ദിയായി ഫ്രാ. മാത്യൂസ്സൽ വട്ടീസ് അസ്സ്, ആരക്കുഴ - വി. കൊച്ചുത്രേസ്യായുടേയും തിരുഹൃദയത്തിന്റേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ ഫ്രാ. കെ. വി. ജോസഫ്, കല്ലിടുക്കിൽ വീട്ടു തൊടുപുഴ - വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ പരീക്ഷയിൽ ജയിച്ചതിനു നന്ദിയായി ഫ്രാ വി. ജെ. ജോൺ, ഏറണാകുളം - വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദിയായി ഫ്രാ. അയക്കുന്നു. പയ്യപ്പിള്ളി എളച്ചാര് വ പറവൂർ - കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ ലഭിച്ച ഉപകാരത്തിനു ഫ്രാ. ഒരു ഭക്തൻ - വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ദീനം സുഖമായതിനു ഫ്രാ. അയക്കുന്നു. പി വി. ദേവസ്സ കരുപിനാക്കുന്നിൽ, പാലാ - വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഒരാളുടെ ദീനം സുഖപ്പെട്ടതിനു നന്ദിയായി ഫ്രാ. അയക്കുന്നു. ഒരു ഭക്ത.

* * * *

ആസ്ത്രേല്യായുടെ തലസ്ഥാനമായ സിഡ്നിയിൽവച്ചു സർവ്വജാതിയ ദിവ്യകാരുണ്യസംഘത്തിന്റെ അടുത്ത യോഗംകൂടുവാൻ നിശ്ചയിച്ചിരിക്കയാണല്ലൊ. എന്നാൽ ഫ്രൻസം-ലെ യോഗംകൂടുവാനുള്ളതു വടക്കെ ആഫ്രിക്കായിൽ കാത്തേജിൽവച്ചാണെന്നുള്ളതു നേരത്തേതന്നെ തീർച്ചയായിരിക്കുന്നു. വിശുദ്ധ അഗസ്തീനോസിന്റെ പതിനഞ്ചാമത്തെ ശതാബ്ദപൂർത്തിയെ ബഹുമാനിക്കുന്നതിനായിട്ടാണ് കാത്തേജിൽവച്ചു യോഗം നടത്താൻ നിശ്ചയിച്ചതു്.



എറണാകുളം അതിരൂപതയുടെ മഹാ വന്ദ്യ ദിവ്യ ശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതും വരാപ്പുഴ അതിരൂപതയിലും ഇൻഡ്യയിൽ പലെ രൂപതകളിലും ഉപയോഗിച്ചുവരുന്നതുമായ "മെറും" കുർബാനവീഞ്ഞു് താഴെ കാണുന്ന മേൽവിലാസത്തിൽ എപ്പോൾ ആവശ്യപ്പെട്ടാലും തയാറുണ്ടു്.

എറണാകുളത്തുനിന്നു തിരുവിതാംകൂർ അതിരു്, യിലുള്ള പള്ളികളിലേക്കോ തിരുവിതാംകൂർ അതിരു് കടത്തി കൊച്ചി അതിരുത്തിയിലുള്ള പള്ളികളിലേക്കോ വീഞ്ഞു് കൊണ്ടുപോകുന്നതിനു വേണ്ടി വരുന്ന ചാർജാരികൾ ആവശ്യക്കാരുടെ ചിലവിന്മേൽ ഞങ്ങൾ നേരിട്ടു അപേക്ഷിച്ചു വരുത്തിക്കൊടുക്കുന്നതാണു്.

വില കുപ്പി ഫ്രീ ഉ. കാ. മാത്രം.

ഫുൾ-മുതൽ ഇതേവരെ ക്രമമായ വിധത്തിലും മിതമായ വിലയ്ക്കും പള്ളികളിലേക്കു് വീഞ്ഞു കൊടുത്തുവരുന്ന ഞങ്ങളെ യഥാശക്തി സഹായിപ്പാറാവണം.

മെസ്സേഴ്സ് വളവി ആൻറ് കമ്പനി.

വൈൻ കച്ചവടം,—എറണാകുളം.

വില ആദായം. നല്ല സാമാനം. കൂലി ആദായം

മര കൊണ്ടുള്ള എല്ലാത്തരം സാമാനങ്ങളും കാലോചിതമായ രീതിയിൽ പണിചെയ്തുകൊടുപ്പാനും പണിതു തയ്യാർചെയ്തിട്ടുള്ളതു് മിതമായ വിലക്കു വില്പാനും ഞങ്ങളുടെ വക്ക്ഷോപ്പിൽ എപ്പോഴും തയാറുണ്ടു്. എല്ലാത്തരം ആഘോഷങ്ങൾക്കും, കല്യാണ അടിയന്തിരത്തിനും പറ്റിയ ചമയങ്ങൾക്കുള്ള വിവിധ സാമാനങ്ങൾ ആച്ചുകൾ, മണക്കോലം മുതലായവ കൂലിക്കു കൊടുപ്പാനും ഞങ്ങൾ തയ്യാർ ചെയ്തിരിക്കുന്നു. പലെമഹാന്മാരും ഉപയോഗിച്ചു അവരുടെ പ്രശംസയും കീർത്തിമുദ്രകളും പാരിതോഷികവുമുള്ള ഞങ്ങളുടെ ആച്ചും മണിക്കോലവും മാന്യമഹാജനങ്ങൾ ഒന്നു പരീക്ഷിച്ചു നോക്കുവിൻ.

സി. ഡി. ആഗസ്റ്റിൻ & ബ്രദേഴ്സ്

ഫർണിച്ചർ മാർട്ടു്,

ബ്രോഡ്വേ—എറണാകുളം.

"കഥാചന്ദ്രിക"യുടെ വരിസംഖ്യ.

കൊല്ലത്തിൽ ഫ. ക. വ്യ. ഒറ്റപ്രതിയ്ക്കു ഫ. ണ. ന്യൂ പൈ.

ആറു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂറു അടയ്ക്കാതെയുള്ള അപേക്ഷകൾ സ്വീകരിയ്ക്കുന്നതല്ല.

മാനേജിങ്ങ് എഡിറ്റർ, "കഥാചന്ദ്രിക"

മെത്രാപ്പോലീത്തൻപള്ളി, എറണാകുളം.

ദന്തചികിത്സ.

പല്ലുകൾ ഭംഗിവരുത്തിയിടുക, സ്വർണ്ണപ്പല്ലുകൾ വെച്ചുകൊടുക്കുക, വേദനകൂടാതെ പിഴുതെടുക്കുക, ദ്വാരമുള്ള പല്ലുകൾ വെള്ളികൊണ്ടു അടയ്ക്കുക മുതലായ ജോലികൾ മിതമായ നിരക്കിൽ എത്രയും തൃപ്തികരമായവിധം ചെയ്തുകൊടുക്കുന്നതാണ്. എല്ലാദിവസവും ദിനക്കാരെ സ്വീകരിക്കും. പരിശോധനകൾക്കും ഉപദേശങ്ങൾക്കും പ്രതിഫലം ആവശ്യമില്ല. ഒരിക്കൽ പരീക്ഷിക്കുന്നതുകൊണ്ടുതന്നെ ആകൃഷ്ടരാവുന്നതാണ്.

ഡോക്ടർ സി. ഒ. ലാസർ, സി. ഡി. എസ്സ്,

ബ്രോഡ്‌വെ,—എറണാകുളം.



പലേ കീർത്തിമുദ്രകളും

വീരശൃംഖലകളും ലഭിച്ചിട്ടുള്ള

ജെ. അഗസ്റ്റിൻ പത്യാല ആൻഡ് സൺസ്

ഫെറി. എസ്. പ്രസ്സ് റോഡ്, എറണാകുളം.

സകലവിധ അലുത്താരപ്പണികൾ, ചിത്രവര, ഫോട്ടോ വലുതാക്കൽ, കൊത്തുരൂപങ്ങൾ (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കാൻ തയ്യാർ. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ട തങ്കവേല, ജീവതുല്യമായ പളുങ്കു കണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ടപുരാതന തൊഴിൽക്കാരെ പ്രോത്സാഹിപ്പിക്കുവിൻ. മിതമായ നിരക്ക്—മേൽത്തരം പണി.

Printed and published by Rev. Jacob Naduvathuchery, at the "Mar Louis Memorial" Press — Ernakulam.